# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## മണ്ണഞ്ചേരി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001

ഇ-മെയിൽ: ddhglfalpy@gmail.com
ഫോൺ : 0477-2252753

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA-ALP/P.9/1217/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001
തീയതി: 08/11/2023
ഇ-മെയിൽ: ddhglfalpy@gmail.com
ഫോൺ: 0477-2252753

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മണ്ണഞ്ചേരി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : മണ്ണഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മണ്ണഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA-ALP/P.9/1217/2023 തീയ്യതി: 08/11/2023

## ആലപ്പുഴ ജില്ലയിലെ മണ്ണഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ മണ്ണഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-01-2023 മുതൽ 31-08-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 26 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 13 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| രാജീവ് ആർ | ഡെപ്യൂട്ടി ഡയറക്ടർ | 18-09-2023 | 27-09-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 18-09-2023 | 27-09-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി ആശ എം വി, ഓഡിറ്റ് ഓഫീസർ

ശ്രീ. റോയ് ടി എം, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീമതി. രാജിമോൾ പി സി,സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീമതി.ലേഖ പി.കെ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|

| | | | |
|---|---|---|---|
| അജിത് കുമാർ റ്റി.വി | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ഷേക്ക് ബിജു സി എസ് | സെക്രട്ടറി | 01-04-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| സമീറ | കൃഷി ഓഫീസർ | 01-04-2022 | 15-10-2022 |
| അനില എം എ | കൃഷി ഓഫീസർ | 16-10-2022 | 15-11-2022 |
| അനിൽ | കൃഷി ഓഫീസർ(ഇൻ ചാർജ്) | 16-11-2022 | 31-03-2023 |
| ഡോ.ജിം | വെറ്ററിനറി സർജൻ | 01-04-2022 | 31-03-2023 |
| ലക്ഷ്മി ജെ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| ഡോ. സജി ഉമ്മൻ | മെഡിക്കൽ ഓഫീസർ(ആയുർവ്വേദം,ഹോമിയോ,സിദ്ധ) | 01-04-2022 | 31-03-2023 |
| അനുരാജ് | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 01-04-2022 | 31-03-2023 |
| ഉഷാകുമാരി എം | ഹെഡ്മിസ്ട്രസ് | 01-04-2022 | 31-03-2023 |
| അജിത്കുമാർ വൈ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 28-09-2022 |
| സുനിൽകുമാർ എം ബി | അസിസ്റ്റന്റ് എഞ്ചിനീയർ | 29-09-2022 | 31-03-2023 |
| സുമേഷ് | വി.ഇ.ഒ കണക്കുർ | 01-04-2022 | 31-03-2023 |
| സന്ദീപ് വി റ്റി | വി.ഇ.ഒ മണ്ണഞ്ചേരി | 01-04-2022 | 31-03-2023 |
| നൗഫൽ എ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 31-03-2023 |
| സൗമ്യ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2022 | 31-03-2023 |
| ഡോ. കണ്ണൻ എസ് | മെഡിക്കൽ ഓഫീസർ(മണ്ണഞ്ചേരി പി.എച്ച.സി) | 01-04-2022 | 31-03-2023 |
| ഡോ. ജീന | മെഡിക്കൽ ഓഫീസർ(കലവൂർ എഫ്.എച്ച്.സി) | 01-04-2022 | 31-03-2023 |

## ഉള്ളടക്കം

| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പ**ർ** |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ട പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല | 1-1-1 |
| 3 | ക്യാഷ് ഫ്ലോ പത്രിക-ശരിയായ കണക്ക് പ്രതിഫലിപ്പിക്കുന്നില്ല | 1-1-2 |
| 4 | തൻവർഷത്തെ മുന്നിരുപ്പ് മുൻവർഷത്തെ നീക്കിയിരുപ്പ് തുകയുമായി പൊരുത്തപ്പെടുന്നില്ല | 1-1-3 |
| 5 | എ സി ആർ പ്രകാരമുള്ള ചെലവ് വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല | 1-1-4 |
| 6 | സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല | 1-1-5 |
| 7 | വസ്തു നികുതി സഞ്ചയയിൽ നിന്നുള്ള സ്റ്റേറ്റ്മെന്റും വാർഷിക കണക്കിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല | 1-1-6 |
| 8 | അക്യുമുലേറ്റഡ് ഡിപ്രീസിയേഷൻ വെഹിക്കിൾ -തുക ആസ്തി മൂല്യത്തെ അധികരിക്കുന്നു | 1-1-7 |
| 9 | ബജറ്റ് | 1-2 |
| 10 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 11 | ഫണ്ട് വിനിയോഗം (എ സി ആർ പ്രകാരമുള്ളത്) | 1-4 |
| 12 | പദ്ധതി അവലോകനം | 1-5 |
| 13 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 14 | ക്ഷേമ പദ്ധതികൾ | 1-7 |
| 15 | ക്യാഷ് വേരിഫിക്കേഷൻ | 1-8 |
| 16 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 17 | തനതു വരുമാന വർദ്ധനവിന് സ്വീകരിച്ചനടപടികളും പുരോഗതിയും | 1-10 |
| 18 | ഓഡിറ്റ് ഇംപാക്ട്-തൊഴിൽ നികുതി ഈടാക്കി | 1-11 |
| 19 | വസ്തു നികുതി നിർണ്ണയത്തിലെ അപാകതകൾ | 1-12 |
| 20 | ലൈസൻസ് ഫീസീടാക്കിയതിൽ കുറവ് | 1-13 |
| 21 | പൂർത്തീകരിച്ചിട്ടുള്ള മുഴുവൻ നിർമ്മാണത്തിനും നികുതി നിർണ്ണയിച്ചില്ല | 1-14 |
| 22 | കൈമാറിക്കിട്ടിയ സ്ഥാപനങ്ങൾക്ക് കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ - വിതരണം ചെയ്യാത്ത ഉപകരണങ്ങളുടെ ചെലവ് തുക തടസ്സപ്പെടുത്തുന്നു | 1-15 |
| 23 | വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് - ജി.എസ്.ടി ഉറവിടത്തിൽ കുറവ് ചെയ്തില്ല | 1-16 |
| 24 | റെക്കോർഡ് റൂം അധിക സൗകര്യമൊരുക്കൽ - അളവ് രേഖപ്പെടുത്തിയതിൽ അപാകത | 1-17 |

| | | |
|---|---|---|
| 25 | കുടിവെള്ള വിതരണം (പ്രോജക്ട് നം.S0074/23) – വാഹനം ഓടാത്ത ദിവസങ്ങളിൽ തുക നൽകി, ആദായ നികുതി ഉറവിടത്തിൽ കുറവ് ചെയ്തില്ല | 1-18 |
| 26 | ഫാമിലി ഹെൽത്ത് സെന്റർ -ആംബുലൻസ് പരിപാലനം അപാകതകൾ | 1-19 |
| 27 | ആംബുലൻസ് ഡ്രൈവർക്ക് വേതനം-അധിക തുക നൽകിയത് സംബന്ധിച്ച് | 1-20 |
| 28 | കരാറടിസ്ഥാനത്തിൽ നിയമിച്ച ഡോക്ടർക്ക് വേതനം നൽകൽ-ആദായനികുതി കുറവ് ചെയ്യാതിരുന്നത് സംബന്ധിച്ച് | 1-21 |
| 29 | മഴക്കാല പൂർവ്വ ശുചീകരണം -രേഖകൾ ഹാജരാക്കിയില്ല | 1-22 |
| 30 | തുല്യതാ പരീക്ഷ -വിനിയോഗ രേഖകൾ ഹാജരാക്കിയില്ല | 1-23 |
| 31 | കേര കീടരോഗ നിയന്ത്രണ പരിപാടി - സ്ഥാപനം തുക കൈപ്പറ്റിയതിന്റെ രേഖകളില്ല | 1-24 |
| 32 | കലവൂർ കുടുംബാരോഗ്യകേന്ദ്രത്തിലേയ്ക്ക് ആംബുലൻസ് ഷെഡും ഡ്രൈവർക്ക് വിശ്രമ മുറിയും നിർമ്മാണം -അനധികൃതമായി പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചുനല്കി | 1-25 |
| 33 | ടാർ ബാരൽ വില, ജി.എസ്.ടി ഉൾപ്പെടെ സെക്രട്ടറിയുടെ അക്കൗണ്ടിൽ സൂക്ഷിക്കുന്നു | 1-26 |
| 34 | അസിസ്റ്റന്റ് എഞ്ചിനീയറുടെ ഓഫീസിലേയ്ക്ക് വാഹനം വാടകയ്ക്കെടുക്കൽ -സർക്കാർ നിർദ്ദേശം പാലിച്ചില്ല | 1-27 |
| 35 | പാലിയേറ്റീവ് പരിചരണം-മരുന്നുകളും ഉപകരണങ്ങളും പൂർണ്ണമായും ലഭിച്ചില്ല | 1-28 |
| 36 | ഹോമിയോ ഡിസ്പൻസറിക്ക് മരുന്ന് വാങ്ങൽ -മരുന്നുകൾ പൂർണ്ണമായും ലഭ്യമായില്ല | 1-29 |
| 37 | വൈദ്യുതി ലൈൻ ദീർഘിപ്പിക്കൽ - പ്രവൃത്തി പൂർത്തീകരിച്ചില്ല, ചെലവ് തടസ്സപ്പെടുത്തുന്നു | 1-30 |
| 38 | പോസ്റ്റ് ഷിഫ്റ്റിംഗ് - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല, ചെലവ് തടസ്സപ്പെടുത്തുന്നു | 1-31 |
| | ഭാഗം **2** | |
| 1 | പൂർത്തീകരിച്ചിട്ടുള്ള മുഴുവൻ നിർമ്മാണത്തിനും നികുതി നിർണ്ണയിച്ചില്ല. | 2-1 |
| 2 | ഫാമലി ഹെൽത്ത് സെന്റർ ആംബുലൻസ് പരിപാലനം അപാകതകൾ | 2-2 |
| | ഭാഗം **3** | |
| 1 | കുടിവെള്ള വിതരണം (പ്രോജക്ട് നം.S0074/23) – വാഹനം ഓടാത്ത ദിവസങ്ങളിൽ തുക നൽകി | 3-1 |
| 2 | ആംബുലൻസ് ഡ്രൈവർക്ക് വേതനം-അധിക തുക നൽകി | 3-2 |
| | ഭാഗം **4** | |
| 1 | സംയുക്ത പ്രോജക്ടുകളുടെ വിവരം | 4-1 |

| | | |
|---|---|---|
| 2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 |
| 4 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-7 |
| 8 | ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I.കേരള പഞ്ചായത്ത് രാജ് ആക്റ്റ് 1994ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൌണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 22.07.2023-ലെ 2(1) നം കമ്മറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 24.07.2023 തീയതിയിൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള മണ്ണഞ്ചേരി ഗ്രാമ പഞ്ചായത്തിന്റെ മാർച്ച് 2023 അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൌണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൌണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii.C & AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C & AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൌണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൌണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii.എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൌണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു

വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി മണ്ണഞ്ചേരി ഗ്രാമ പഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

### 1-1-1 അക്കൗണ്ടിംഗ് ചട്ട പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല

അക്കൗണ്ട്സ് ചട്ടങ്ങൾ പ്രകാരമുള്ള റേഷ്യോസ്, നോട്സ് ടു അക്കൗണ്ട്സ് എന്നീ പത്രികകൾ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

### 1-1-2 ക്യാഷ് ഫ്ലോ പത്രിക-ശരിയായ കണക്ക് പ്രതിഫലിപ്പിക്കുന്നില്ല

ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരുപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല.

### 1-1-3 തൻവർഷത്തെ മുന്നിരുപ്പ് മുൻവർഷത്തെ നീക്കിയിരുപ്പ് തുകയുമായി പൊരുത്തപ്പെടുന്നില്ല

2021-22 സാമ്പത്തിക വർഷത്തെ വാർഷിക കണക്ക് RP-40(b) ഷെഡ്യൂൾ പ്രകാരം State Bank Of India (A/c No. 5605) അക്കൗണ്ടിലെ 31.3.2022 ലെ നീക്കിയിരുപ്പ് 774997 രൂപയാണ്. എന്നാൽ 2022-23 വർഷം ടി അക്കൗണ്ടിലെ Opening Balance ആയി RP-40(a) യിൽ ചേർത്തിട്ടുള്ള തുക 780898 രൂപയുമാണ്. വ്യത്യാസം 5901 രൂപ.

### 1-1-4 എ സി ആർ പ്രകാരമുള്ള ചെലവ് വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല

അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം Development Fund General ഇനത്തിൽ തൻവർഷത്തെ ആകെ ചെലവ് 34831238/- രൂപയാണ്(സോഫ്റ്റിൽ കുറവ് ചെയ്ത 8938568 രൂപ ഉൾപ്പെടെ) . എന്നാൽ വാർഷിക കണക്ക് (ഇൻകം & എക്സ്പന്റീച്ചർ സ്റ്റേറ്റ്മെന്റ് ഷെഡ്യൂൾ I-6) പ്രകാരം ഈയിനത്തിലുള്ള ചെലവ് 34747648/- രൂപയുമാണ്(capital Contribution 1732687 രൂപ ഉൾപ്പെടെ). 835900/- രൂപയുടെ വ്യത്യാസം ഉണ്ട്.

### 1-1-5 സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല

വസ്തുനികുതി, വാടക, തൊഴിൽ നികുതി എന്നിവയുടെ ലെഡ്ജറിൽ വർഷാരംഭത്തിലും തുടർന്ന് ഓരോ മാസവും ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല.

## 1-1-6 വസ്തു നികുതി സഞ്ചയയിൽ നിന്നുള്ള സ്റ്റേറ്റ്മെന്റും വാർഷിക കണക്കിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല

സഞ്ചയ ഡി.സി.ബി സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വസ്തുനികുതി കളക്ഷൻ തുകയും വാർഷിക കണക്കിലെ തുകയും പൊരുത്തപ്പെടുന്നില്ല.

## 1-1-7 അക്യുമുലേറ്റഡ് ഡിപ്രീസിയേഷൻ വെഹിക്കിൾ -തുക ആസ്തി മൂല്യത്തെ അധികരിക്കുന്നു

അക്യുമുലേറ്റഡ് ഡിപ്രീസിയേഷൻ വെഹിക്കിൾ ഇനത്തിലെ ഡിപ്രീസിയേഷൻ തുക(-595533 രൂപ) വെഹിക്കിളിന്റെ ആസ്തി മൂല്യത്തിലും(580075 രൂപ) അധികരിച്ചാണ് ചേർത്തിട്ടുള്ളത്.

## 1-2 ബജറ്റ്

2022-23 വർഷത്തെ ബജറ്റ് 19.2.2022 ലെ 1/1 നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. തുടർന്ന് 22.3.2023ലെ 1/1 തീരുമാന പ്രകാരം പരിഷ്കരിച്ചു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 509638581 | 508184501 |
| വാർഷിക കണക്ക് പ്രകാരം (ഇൻകം & എക്സ്പെന്റിച്ചർ പത്രിക) | 287362898 | 283583055 |

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 22753426 |
| വരവ് | 72117416 |
| ആകെ | 94870842 |
| ചെലവ് | 68282886 |
| നീക്കിയിരിപ്പ് | 26587956 |

## 1-4 ഫണ്ട് വിനിയോഗം (എ സി ആർ പ്രകാരമുള്ളത്)

| ഫണ്ടിനം | മുന്നിരിപ്പ് | സോഴ്സിൽ പിടിച്ചത് | അലോട്ട്മെന്റ് വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ലാപ്സായ തുക |
|---|---|---|---|---|---|---|
| വി.ഫണ്ട് (ജനറൽ) | 0 | 8938568 | 28265432 | 37204000 | 34747648 (CC 1732687) | 2456352 |
| വി.ഫണ്ട് (എസ്.സി.പി) | 0 | 226780 | 7727220 | 7954000 | 6850394 | 1103606 |
| വി.ഫണ്ട് (ടി.എസ്.പി) | 0 | 0 | 86000 | 86000 | 86000 | 0 |
| മെയിന്റനൻസ് ഫണ്ട് -റോഡ് | 0 | 0 | 7922000 | 7922000 | 7605202 | 316798 |
| മെയിന്റനൻസ് ഫണ്ട് -നോൺ റോഡ് | 0 | 0 | 10274000 | 10274000 | 7599711 (CC 1982344) | 2674289 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ്- ടൈഡ് | 0 | 0 | 2283790 | 2283790 | 1024600 | 1259190 |

| ഫണ്ടിനം | മുന്നിരിപ്പ് | സോഴ്സിൽ പിടിച്ചത് | അലോട്ട്മെന്റ് വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ലാപ്സായ തുക |
|---|---|---|---|---|---|---|
| -ട്രഷറി | | | | | | |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് -ടൈഡ് -ബാങ്ക് | 7465100 | 0 | 8678000 | 16143100 | 1039480 (CC 497000) | 15103620 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് -അൺടൈഡ് -ട്രഷറി | 0 | 0 | 616707 | 616707 | 616707 | 0 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് -അൺടൈഡ് -ബാങ്ക് | 260938 | 0 | 6242908 Interest 457908 | 6503846 | 6214621 (CC 1500000) | 289225 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ചത്-ശതമാനം |
|---|---|---|---|---|---|---|
| 238 | 242625826 | 168 | 103026007 | 32 | 38 | 70.59% |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 1208145 | 1581505 | 2789650 | 2789650 | 0 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 89594165 | 89594165 | 89594165 | 0 |
| ആകെ | 1208145 | 91175670 | 92383815 | 92383815 | 0 |

## 1-7 ക്ഷേമ പദ്ധതികൾ

സംസ്ഥാന സർക്കാരിന്റെ ക്ഷേമപദ്ധതികളുമായി ബന്ധപ്പെട്ട് ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കിയ പദ്ധതികളുടെ വിശദംശങ്ങൾ ചുവടെ ചേർക്കുന്നു

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 0 | 0 |
| കർഷകതൊഴിലാളി പെൻഷൻ | 7594400 | 705 |
| വിധവാ പെൻഷൻ | 16283400 | 1613 |
| വാർദ്ധക്യകാല പെൻഷൻ | 405528400 | 4616 |

| | | |
|---|---|---|
| വികലാംഗ പെൻഷൻ | 8525800 | 803 |
| അവിവാഹിത പെൻഷൻ | 1142600 | 114 |
| വിധവകളുടെ പെൺമക്കൾക്ക് വിവാഹ ധനസഹായം | 120000 | 4 |

## 1-8 ക്യാഷ് വേരിഫിക്കേഷൻ

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 19.9.2023 തീയതിയിൽ 3.00 P.M സമയത്ത് സെക്രട്ടറിയുടെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 51649/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണെങ്കിലും താഴെ പറയുന്ന അപാകതകൾ ഉള്ളതായി കാണുന്നു.

1.വാട്ടർ ചാർജ്ജിനത്തിലെ ഭീമമായ തുക കുറവുചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചില്ല. സംയുക്തപരിശോധന നടത്തി വെള്ളക്കരം കുറയ്ക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

2.ഭരണ സമിതി കൈക്കൊള്ളുന്ന തീരുമാനങ്ങൾ നടപ്പാക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനായി വാച്ച് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

3.കാലഹരണപ്പെട്ടതും പ്രവർത്തനരഹിതവുമായ ആസ്തികൾക്ക് പ്രത്യേക രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ആസ്തികൾ കയ്യൊഴിയുന്നതുമായി ബന്ധപ്പെട്ട വിവരങ്ങളൊന്നും തന്നെ രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല. തന്മൂലം പഞ്ചായത്തിലെ ആസ്തികളുടെ കൃത്യമായ കണക്ക് വിവരം ലഭ്യമാകുന്നില്ല.

## 1-10 തനതു വരുമാന വർദ്ധനവിന് സ്വീകരിച്ചനടപടികളും പുരോഗതിയും

സർക്കാർ ഗ്രാന്റിനു പുറമെ തനതു വരുമാനം വർദ്ധിപ്പിക്കുന്നതിനായി ഗ്രാമപഞ്ചായത്തുകൾ പുതിയ തനതുവരുമാന മേഖലകൾ കണ്ടെത്തേണ്ടതുണ്ട്. എന്നാൽ പഞ്ചായത്ത് ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ യോഗങ്ങളിൽ പുതിയ തനതു വരുമാനമേഖലകൾ കണ്ടെത്തുന്നതിനായി നിർദ്ദേശങ്ങളൊന്നുമില്ല. ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവും യഥാർത്ഥ വരവും താഴെകൊടുക്കുന്നു

| വരവിനം | ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് | ഐ.എൽ.ജി.എം.എസ് പ്രകാരം വരവ് | സഞ്ചപ്രകാരമുള്ള ഡിമാന്റ് | സഞ്ചയപ്രകാരം വരവ് |
|---|---|---|---|---|
| വസ്തുനികുതി | 1100000 | 7096361 | 13777612 | 10524279 |

2022-23 ലെ വസ്തു നികുതി പിരിക്കുന്നതിനായി കുടുംബശ്രീ മുഖേന ഡിമാന്റ് നോട്ടീസ് വിതരണം നടത്തുകയും വാർഡുകളിൽ ക്യാമ്പുകൾ സംഘടിപ്പിക്കുകയും മറ്റ് പ്രചാരണമാർഗ്ഗങ്ങൾ അവലംബിക്കുകയും ചെയ്തതിന്റെ ഫലമായി 100% നികുതിയും ലഭിച്ചിട്ടുണ്ടെങ്കിലും പഞ്ചായത്തിന്റെ വസ്തുനികുതി ഡിമാന്റിൽ 32.5 ലക്ഷം രൂപയുടുത്ത് റവന്യൂറിക്കവറി,സ്റ്റേ എന്നിവയിൽ ഉൾപ്പട്ടിരിക്കുകയാണ്.

സ.ഉ.(കൈ) നം.77/2023/LSGD തീയതി 22.03.2023 പ്രകാരം ഗ്രാമപഞ്ചായത്തുകളിൽ 01.04.2023 പ്രാബല്യത്തിൽ വസ്തു നികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങളിൽ (ക്രമ നം.10) കെട്ടിട ഉടമ വിവരം അറിയിച്ചാലും ഇല്ലെങ്കിലും കെട്ടിടങ്ങളുടെ ശരിയായ വിവരം ഫീൽഡ് പരിശോധന നടത്തി സോഫ്റ്റ്വെയറിൽ ചേർക്കേണ്ടതാണെന്നും ഇതിനാവശ്യമായ പരിശോധനകൾ 30.06.2023-നു മുൻപായി പൂർത്തിയാക്കേണ്ടതാണെന്നും പറയുന്നു. ആയതിന്റെ വിവരശേഖരണത്തിനും ഡാറ്റാ എൻട്രിക്കുമായി ഉദ്യോഗാർത്ഥികളെ ലഭിച്ചിട്ടുണ്ടെങ്കിലും സഞ്ചയസോഫ്റ്റ്വെയറിൽ നിർദ്ദേശം വന്നിട്ടില്ലാത്തതിനാൽ വിവരശേഖരണം ആരംഭിച്ചിട്ടില്ല. 01.04.2023 മുതൽ വസ്തുനികുതിയിൽ 5% വർദ്ധനവ് നിലവിലിൽ വന്നിട്ടുണ്ട്. വസ്തു നികുതി പരിഷ്കരണ നിരക്കുകൾ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 27.06.2023-ലെ 7(1) തീരുമാനപ്രകാരം 13.07.2023-ൽ അന്തിമ വിജ്ഞാപനം പ്രസിദ്ധീകരിച്ചിട്ടുണ്ടെങ്കിലും സോഫ്റ്റ്വെയർ

അപ്ഡേഷൻ നടത്താത്തതിനാൽ നികുതി ഈടാക്കി തുടങ്ങിയിട്ടില്ല. സർക്കാർ നിശ്ചയിച്ച പരിധിക്കുള്ളിൽ നിന്നുകൊണ്ട് ഓരോ സ്ഥാപനത്തിന്റെയും അടിസ്ഥാന നികുതി നിരക്ക് വിജ്ഞാപനം ചെയ്തിട്ടുണ്ട്.
പഞ്ചായത്തിന്റെ സഞ്ചയഡാറ്റബെയ്സിൽ 2104 കെട്ടിടങ്ങൾ വിവിധ സർക്കാർ ഉത്തരവുകൾ പ്രകാരം നികുതിയിൽ നിന്നും ഒഴിവാക്കപ്പെട്ടവയാണ്. എന്നാൽ നിലവിൽ ഇവയിൽ കൂട്ടിച്ചേർക്കലുകൾ വരുത്തി വിസ്തീർണ്ണം വർദ്ധിപ്പിക്കാൻ സാധ്യതയുള്ളതിനാൽ ഫീൽഡ് പരിശോധന പൂർത്തിയാക്കി കെട്ടിടങ്ങളുടെ ശരിയായ വിവരം ഉൾപ്പെടുത്തി നികുതി പുനർ നിർണ്ണയിക്കുന്നതിലൂടെ വൻവരുമാനവർദ്ധനവ് നേടാനാവുന്നതാണ്.

പഞ്ചായത്ത്രാജ് വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും ചട്ടങ്ങളിലെ, ചട്ടം 30 പ്രകാരം കേന്ദ്ര സർക്കാരിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളുടെ സംഗതിയിൽ സേവനങ്ങളൊന്നും പ്രത്യേകമായി നല്കിയിട്ടില്ലാത്തിടത്തുപോലും മുപ്പത്തിമൂന്നും മൂന്നിലൊന്നുശതമാനവും സർവ്വീസ് ചാർജ് ഈടാക്കാമെന്നിരിക്കെ സർവ്വീസ് ചാർജ് ഈടാക്കുന്നതിനായി ധനകാര്യസ്റ്റാൻഡിംഗ് കമ്മറ്റി ശുപാർശയോ കമ്മറ്റി തീരുമാനമോ ഇല്ല. വരുമാന വർദ്ധനവിനായി ഇവ ഈടാക്കുന്നതിന് തീരുമാനമെടുക്കാവുന്നതാണ്.

തൊഴിൽ നികുതി

സ്ഥാപനങ്ങൾ, ജീവനക്കാർ, പ്രിസംപ്റ്റീവ് ടാക്സ് ഒടുക്കാൻ ബാധ്യസ്ഥരായവർ (സ്വയം തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ, അഭിഭാഷകർ, സ്വകാര്യ ഡോക്ടർമാർ, മറ്റ് പ്രൊഫഷണലുകൾ, വിവിധ മരാമത്ത് പണികൾ ഏറ്റെടുത്തു നടത്തുന്ന കരാറുകാർ, ഗ്രാമ പഞ്ചായത്തിലെ ബിൽഡിംഗ് പ്ലാനുകൾ തയ്യാറാക്കുന്ന എഞ്ചിനീയർമാർ, സൂപ്പർവൈസർമാർ വാഹന ഉടമകൾ), തുടങ്ങിയവരുടെ സമ്പൂർണ്ണ ഡാറ്റാബെയ്സ് പഞ്ചായത്തിൽ തയ്യാറാക്കി സൂക്ഷിക്കുന്നില്ല.

വിനോദ നികുതി

കേബിൾ ടി.വി. നെറ്റ് വർക്ക് ദാതാക്കളിൽ നിന്നും വിനോദ നികുതി ഈടാക്കുന്നതിന് സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്താവുന്നതാണ്.

നികുതിയേതര വരവുകൾ

ഗ്രാമപഞ്ചായത്ത് വാർഡ് അടിസ്ഥാനത്തിൽ ഫീൽഡ് പരിശോധന നടത്തി സമഗ്രമായ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കുന്നതിലൂടെയും ക്യാമ്പുകൾ സംഘടിപ്പിച്ച് വ്യാപാരസ്ഥാപനങ്ങളെക്കൊണ്ട് ലൈസൻസ് എടുപ്പിക്കുന്നതിലൂടെയും വരുമാനവർദ്ധനവ് നേടാവുന്നതാണ്.

ആസ്തികളിൽ നിന്നുള്ള ആദായം

പഞ്ചായത്തിന്റെ ആസ്തിയിൽപ്പെട്ട ഷോപ്പിംഗ് കോംപ്ലക്സുകൾ വാടകയ്ക്ക് നല്കുന്നതിൽ നിന്നുള്ള വരവ് പൂർണ്ണമായും ലഭിക്കുന്നുണ്ട്. കാലഹരണപ്പെട്ട ആസ്തികൾ യഥാസമയം ലേലംചെയ്യുന്നതുമായി ബന്ധപ്പെട്ട് ഉപയോഗശൂന്യമായ വസ്തുക്കളും ലേലം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ച് 84,159/-പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയിട്ടുണ്ട്.

1-11 ഓഡിറ്റ് ഇംപാക്ട്-തൊഴിൽ നികുതി ഈടാക്കി

1) പൊന്നാട് സർവ്വീസ് സഹകരണ സംഘം 2022-23 വർഷത്തെ സ്ഥാപന നികുതി ഈടാക്കാതിരുന്നത് ഓഡിറ്റിൽ ചൂണ്ടിക്കാണിച്ചതിനെ തുടർന്ന് 26.09.2023-ലെ രസീത് നം.1232201088 പ്രകാരം 2,500/-രൂപ ഈടാക്കിയിട്ടുണ്ട്.

2) യന്ത്രസാമഗ്രികൾ പ്രവർത്തിപ്പിക്കുന്നതിനുള്ള ലൈസൻസ് ഫീസ് പുതുക്കുമ്പോൾ പട്ടികIII പ്രകാരമുള്ള ഫീസ് ഈടാക്കേണ്ടതാണെങ്കിലും താഴെകൊടുത്തിരിക്കുന്ന സ്ഥാപനങ്ങളുടെ അപേക്ഷയിലും അവയോടോപ്പം ഹാജരാക്കിയിരിക്കുന്ന മറ്റ് വകുപ്പുകളുടെ ക്ലിയറൻസ് സർട്ടിഫിക്കറ്റിലും രേഖപ്പെടുത്തിയിരിക്കുന്ന യന്ത്രങ്ങളുടെ കുതിരശക്തിക്കാനുപാതികമായി മോട്ടോർ റണ്ണിംഗ്

ഫീസീടാക്കിയില്ല. ആയത് ചൂണ്ടിക്കാണിച്ച് ഓഡിറ്റ് എൻക്വയറി(3/25.09.2023) നല്കിയതിനെതുടർന്ന് താഴെപ്പറയുന്ന പ്രകാരം തുക ലഭിച്ചിട്ടുണ്ട്.

| ക്രമ നം. | പേര്/വിലാസം | രസീത് നം./തീയതി | തുക |
|---|---|---|---|
| 1 | സുധീഷ് കുമാർ, ഹിമാലയ ബേക്കേഴ്സ് 23/259N | 1232201091/26.09.2023 | 500/- |
| 2 | പുരുഷോത്തമൻ, കാവിൽ23/416 ലത മറൈൻ ഐസ് പ്ലാന്റ് | 12322010971/26.09.2023 | 500/- |

## 1-12 വസ്തു നികുതി നിർണ്ണയത്തിലെ അപാകതകൾ

2011-ലെ കേരള പഞ്ചായത്ത് രാജ് വസ്തു നികുതിയും ചട്ടങ്ങളും പ്രകാരം അടിസ്ഥാന വസ്തു നികുതിയിന്മേൽ ആവശ്യമായ ഇളവുകളും വർദ്ധനവുകളും നല്കിയാണ് നികുതി നിർണ്ണയിക്കേണ്ടത്. പഞ്ചായത്തിലെ നികുതി നിർണ്ണയ ഫയലുകൾ പരിശോധിച്ചതിൽ താഴെ കൊടുത്തിരിക്കുന്ന അപാകതകൾ കാണുന്നു.

1) ലൊക്കേഷൻ സ്കെച്ച്, ബിൽഡിംഗ് പ്ലാൻ എന്നിവയിൽ 5 മീറ്ററിൽ കൂടുതൽ വഴിസൗകര്യം രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ഇതിനു നൽകേണ്ട 20% വർദ്ധനവ് നല്കാതെയും പ്രഥമ മേഖലയാണെങ്കിലും ദ്വിതീയമേഖല എന്ന് രേഖപ്പെടുത്തി 10% ഇളവും നൽകിയും, 250 ചതുരശ്രമീറ്ററിൽ കൂടുതൽ ഉള്ള കെട്ടിടങ്ങളിലെ ഉയർന്ന തരം തറ നിർമ്മിതിക്ക് നൽകേണ്ട 15% വർദ്ധനവ് എന്നിവ നല്കാതെയും നികുതി നിർണ്ണയിച്ചിട്ടുള്ള കെട്ടിടങ്ങളുടെ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | ഉടമയുടെ പേര് /കെട്ടിട നമ്പർ | നിർണ്ണയിച്ച നികുതി | നിർണ്ണയിക്കേണ്ട നികുതി | കുറവ് |
|---|---|---|---|---|
| 1 | ധന്യമോൾ,ഉത്തര 19/283C,D,E,F,G ആകെ വിസ്തീർണ്ണം -172.8 (100m2വരെയുള്ള വാണിജ്യാവശ്യകെട്ടിടമായി നികുതി നിർണ്ണയിച്ചു) 283A കെട്ടിടം പ്രഥമമേഖലയിലാണെങ്കിലും ദ്വീതീയ മേഖലയ്ക്കുള്ള ഇളവ് നല്കി | 283C-57.73 $M^2$@60 =3463.8<br>ദ്വീതീയ മേഖല ഇളവ് 10% =346.8<br>ആകെ നികുതി =3117 | @70=4041<br>വഴി സൗകര്യം വർദ്ധനവ് 20%=808<br>ആകെ നികുതി=4809 | 1692 |
| | | 283D-16.52 $M^2$ @60 =991.2<br>ഒന്നാം നില ഇളവ് 5%=49.6<br>ആകെ നികുതി =942 | @70=1156.4<br>ഒന്നാം നില ഇളവ് 5%=57.8<br>വഴി സൗകര്യം വർദ്ധനവ് 20%=231.28<br>ആകെ നികുതി=1330 | 388 |
| | | 83E-16.52 $M^2$@60 =991.2<br>ഒന്നാം നില ഇളവ് 5%=49.6<br>ആകെ നികുതി =942 | @70=1156.4<br>ഒന്നാം നില ഇളവ് 5%=57.8<br>വഴി സൗകര്യം വർദ്ധനവ് | 388 |

| | | | | |
|---|---|---|---|---|
| | | | 20%=231.28<br>ആകെ നികുതി=1330 | |
| | | 283F-16.52m²@60<br>=991.2<br>ഒന്നാം നില ഇളവ്<br>5%=49.6<br>ആകെ നികുതി =942 | @70=1156.4ഒന്നാം നില ഇളവ് 5%=57.8<br>വഴി സൗകര്യം വർദ്ധനവ്<br>20%=231.28<br>ആകെ നികുതി=1330 | 388 |
| | | 283G-65.51m²@60<br>=3930.6<br>ഒന്നാം നില ഇളവ്<br>5%=196.55<br>ആകെ നികുതി =3734 | @70=4585.7<br>ഒന്നാം നില ഇളവ്<br>5%=229.28<br>വഴി സൗകര്യം വർദ്ധനവ് 20%=917<br>ആകെ നികുതി=5274 | 1540 |
| 2 | ആബിദ& ബുഷ്റ19/282C,D<br>100m² ന മുകളിലുള്ള വാണിജ്യാവശ്യകെട്ടിടം | @70<br>282C-67.52m²=4726.4<br>ആകെ നികുതി-4727 | @70<br>282C-67.52m²<br>=4726.4<br>വഴി സൗകര്യം വർദ്ധനവ്<br>20%=945.28<br>ആകെ നികുതി=5672 | 945 |
| | | 282D-67.52m²@70=4726.4<br>ആകെ നികുതി-4727 | @70<br>282C-67.52m2<br>=4726.4<br>വഴി സൗകര്യം വർദ്ധനവ്<br>20%=945.28<br>ആകെ നികുതി=5672 | 945 |
| 3 | സുകുമാരൻ,ജയമോൾ<br>23/563 Bപാർപ്പിടം | 258.07m²-@7=1806.49<br>ദ്വിതീയമേഖല ഇളവ്<br>=180.64<br>ആകെ നികുതി=1626 | 258.07m²-@7=1806.49<br>വഴി സൗകര്യം വർദ്ധനവ്<br>20%=361.29<br>ഉയർന്ന തറനിർമ്മിതി വർദ്ധനവ്<br>15%=270.97 | 813 |

| | | | | |
|---|---|---|---|---|
| | | | ആകെ നികുതി=2439 | |
| 4 | അഷറഫ് 18/342A<br>ഇതരവ്യവസായം | 172.26m$^2$@60=10335.6<br>മേൽക്കൂര ഇളവ് =1033.5<br>ആകെ നികുതി =9302 | 72.26m$^2$@60=10335.6<br>മേൽക്കൂര ഇളവ് =1033.5<br>വഴി സൗകര്യം വർദ്ധനവ് 20%=2067<br>ആകെ നികുതി =11369 | 2067 |
| 5 | രഹന ബഷീർ 20/581H-33.46M$^2$<br>100M$^2$ നമുകളിലുള്ള വാണിജ്യാവശ്യ കെട്ടിടം | @70=2342.2<br>ദ്വിതീയമേഖല ഇളവ്=234.2<br>ബഹുനില ഇളവ്=117.15<br>ആകെ നികുതി=1982 | @70=2342.2<br>ആകെ നികുതി=2343 | 351 |

2) 250 ചതുരശ്രമീറ്ററിൽ കൂടുതൽ ഉള്ള കെട്ടിടങ്ങളിലെ ഉയർന്ന തരം തറ നിർമ്മിതിക്ക് നൽകേണ്ട 15% വർദ്ധവനവ് നല്കാതെ മാത്രം നികുതി നിർണ്ണയിച്ചിട്ടുള്ള കെട്ടിടങ്ങളുടെ വിവരം താഴെ കൊടുക്കുന്നു. ഇവയുടെ തറനിർമ്മിതി ഉയർന്നതരമാണോ എന്ന് പരിശോധിച്ച് നികുതി പുനർ നിർണ്ണയിക്കേണ്ടതാണ്.

| ക്രമ നം. | കെട്ടിട ഉടമയുടെ പേര് /<br>കെട്ടിട നമ്പർ | ഉപയോഗക്രമം /വിസ്തീർണ്ണം |
|---|---|---|
| 1 | ജിത<br>എൻ.എൻ.3/500A | 259.43 M$^2$പാർപ്പിടം |
| 2 | ഡീന, പുത്തൻ പുരയ്ക്കൽ<br>23/304C | 264.66M$^2$പാർപ്പിടം |
| 3 | അബ്ദുൾഖാദർകുഞ്ഞ്<br>3/424B | 262.72M$^2$പാർപ്പിടം |
| 4 | ലക്ഷ്മി,18/226C | 379.2M$^2$പാർപ്പിടം |

3)ലൊക്കേഷൻ സ്കെച്ച്, ബിൽഡിംഗ് പ്ലാൻ എന്നിവയിൽ 5മീറ്ററിൽ കൂടുതൽ വഴിസൗകര്യം രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ഇതിനു നൽകേണ്ട 20% വർദ്ധനവ് നല്കാതെ മാത്രം നികുതി നിർണ്ണയിച്ചിട്ടുള്ള കെട്ടിടങ്ങളുടെ വിവരം

| ക്രമ നം. | കെട്ടിട ഉടമയുടെ പേര് /കെട്ടിട നമ്പർ | ഉപയോഗക്രമം /വിസ്തീർണ്ണം |
|---|---|---|
| 1 | ജയലക്ഷ്മി<br>ശാരംഗ്,19/282E,F,G,H,I<br>100M$^2$ വരെയുള്ള വാണിജ്യാവശ്യകെട്ടിടം | 282E-14.277M$^2$<br>282F-14.277M$^2$<br>282G-14.277M$^2$<br>282H-14.277M$^2$<br>282I-36.905M$^2$<br>282J-36.905M$^2$ |

| | | |
|---|---|---|
| 2 | മുബിൻ മെഹബൂബ് 7/25B,C,D100$M^2$ വരെയുള്ള വാണിജ്യാവശ്യകെട്ടിടം | 25B-29.5$M^2$<br>25C-29.5$M^2$<br>25C-29.5$M^2$ |

ഇതു സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി (2/23.09.2023)നല്കിയതിന് സോഫ്റ്റ്‌വെയറിൽ നിർദ്ദേശിച്ചത് പ്രകാരമുള്ള മാറ്റങ്ങൾ വരുത്തിയിട്ടുണ്ട് എന്നാണ് മറുപടി നല്കിയിട്ടുള്ളത്. മേൽ സൂചിപ്പിച്ചിട്ടുള്ള കെട്ടിടങ്ങളുടെ നികുതി പുനർനിർണ്ണയിച്ച് ഈടാക്കി അറിയിക്കേണ്ടതാണ്.

## 1-13 ലൈസൻസ് ഫീസീടാക്കിയതിൽ കുറവ്

1) 1996-ലെ കേരള പഞ്ചായത്തിരാജ്(അപകടകരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും, ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾക്ക് 31.10.17-ൽ വരുത്തിയ ഭേദഗതി ചട്ടങ്ങളിലെ പട്ടികII പ്രകാരമുള്ള മൂലധനനിക്ഷേപത്തിന്റെ അടിസ്ഥാനത്തിലായിരിക്കണം വാർഷിക ലൈസൻസ് ഫീസീടാക്കേണ്ടത്. 2022-23 സാമ്പത്തിക വർഷത്തേക്ക് ലൈസൻസ് എടുത്തിട്ടുള്ള താഴെകൊടുത്തിരിക്കുന്ന സ്ഥാപനങ്ങളുടെ അപേക്ഷ പരിശോധിച്ചതുപ്രകാരം ഇവയോടൊപ്പം ഹാജരാക്കിയിട്ടുള്ള മറ്റ് വകുപ്പുകളുടെ ക്ലിയറൻസിൽ രേഖപ്പെടുത്തിയിട്ടുള്ള മൂലധനനിക്ഷേപം അടിസ്ഥാനപ്പെടുത്തി ഈടാക്കാമായിരുന്ന ലൈസൻസ് ഫീസിനേക്കാൾ വളരെ കുറഞ്ഞ തുകയാണ് ഈടാക്കികൊണ്ടിരിക്കുന്നത്.

| ക്രമ നം. | സ്ഥാപനം | രസീത് നം., തീയതി | ഈടാക്കിയ നികുതി | ഈടാക്കേണ്ട നികുതി | കുറവ് |
|---|---|---|---|---|---|
| 1 | ലേക് കനോപ്പി റിസോർട്ട് | 1210107865/30.3.221 | 5,000 | 15,000 | 10,000 |
| | പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ PCB/ALP/ICO-5546 /2019/17.11.19 പ്രകാരം മൂലധന നിക്ഷേപം 600 ലക്ഷം രൂപയാണ്. കേരള പഞ്ചായത്ത് രാജ് ചട്ടങ്ങളിലെ ചട്ടം 7, പട്ടിക II പ്രകാരം സേവനമേഖലയിലെ ഈ സ്ഥാപനം ലാർജ്ജ് എന്റർപ്രൈസസ് വിഭാഗത്തിൽപ്പെടുന്നതാണ്. | | | | |

2)തൊഴിൽ നികുതി രജിസ്റ്റർ പ്രകാരം 21 റേഷൻകട ലൈസൻസികളും 13 ഷാപ്പ് ലൈസൻസികളും തൊഴിൽ നികുതി അടച്ചിട്ടുണ്ടെങ്കിലും ആകെ 2 പേർ മാത്രമാണ് ഈ ഇനങ്ങളിൽ ലൈസൻസ് എടുത്തിട്ടുള്ളത്.

3)ദേശാഭിമാനി പബ്ലിക്കേഷൻസ്, ചിന്ത പ്രിന്റിംഗ് &പബ്ലിഷിംഗ് എന്നീ സ്ഥാപനങ്ങൾ തൊഴിൽ നികുതി അടയ്ക്കുന്നുണ്ടെങ്കിലും ലൈസൻസ് എടുത്തിട്ടില്ല.

ഇതു സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി(3/25.09.2023) നല്കിയതിന് മറുപടിയായി മേൽ സൂചിപ്പിച്ചിട്ടുള്ള സ്ഥാപനങ്ങളിൽ നിന്നും കുറവ് വന്ന ഫീസീടാക്കുന്നതിനും ലൈസൻസ് എടുപ്പിക്കുന്നതിനുമായി കത്ത് നല്കിയതിന്റെ പകർപ്പുകൾ ലഭ്യമാക്കിയിട്ടുണ്ട്. ലൈസൻസ് ആവശ്യമായ എല്ലാ സ്ഥാപനങ്ങളെയും ലൈസൻസ് പരിധിയിൽ കൊണ്ടുവരേണ്ടത് ഗ്രാമ പഞ്ചായത്തിന്റെ ഉത്തരവാദിത്വമാണ്.

## 1-14 പൂർത്തീകരിച്ചിട്ടുള്ള മുഴുവൻ നിർമ്മാണത്തിനും നികുതി നിർണ്ണയിച്ചില്ല

ആബിദ & ബുഷ്റ എന്നിവരുടെ ഉടമസ്ഥതയിലുള്ള 19/282C,D എന്നീ കെട്ടിടങ്ങളുടെ നികുതി നിർണ്ണയ ഫയലിലെ സ്ഥലപരിശോധന റിപ്പോർട്ട് 153.57$M^2$ നിർമാണം പൂർത്തിയാക്കിയിട്ടുണ്ടെങ്കിലും C,D എന്നീ കെട്ടിടങ്ങൾക്കായി(67.52 $M^2$ വീതം)ആകെ 135.04 $M^2$ നുമാത്രമാണ് നികുതി നിർണ്ണയിച്ചിട്ടുള്ളത്. ഒന്നാം നിലയിലെ 18.57$M^2$ ന് നികുതി നിർണ്ണയിച്ചതായി കാണുന്നില്ല.നികുതി നിർണ്ണയിച്ചീടാക്കനുള്ളതിന്റെ

വിശദവിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | ഉടമയുടെ പേര് /കെട്ടിട നമ്പർ | നിർണ്ണയിക്കേണ്ട നികുതി | കുറവ് |
|---|---|---|---|
| 1 | ആബിദ& ബുഷ്റ19/282C,D<br>100m$^2$ ന മുകളിലുള്ള വാണിജ്യാവശ്യകെട്ടിടം | @70<br>18.52m$^2$<br>=1296.4<br>വഴി സൗകര്യം വർദ്ധനവ്<br>20%=259.28<br>വസ്തു നികുതി=1556<br>ലൈബ്രറി സെസ്-78 | 1634 |

5)ശ്രീമതി വിജിതാ രാജ് ന്റെ ഉടമസ്ഥതയിലുള്ള വാണിജ്യാവശ്യകെട്ടിടത്തിന്റെ സ്ഥലപരിശോധന റിപ്പോർട്ട് പ്രകാരം 119.65M$^2$ പണി പൂർത്തീകരിച്ചിട്ടുണ്ട്. എന്നാൽ താഴെ കൊടുത്തിരിക്കുന്ന പ്രകാരമാണ് നികുതി നിർണ്ണയം നടത്തിയിട്ടുള്ളത്.

I)22/185C-24M$^2$

2)22/185-E-61.92m$^2$

3) 22/185D-24.63m$^2$

ആകെ -110.5m$^2$

സ്റ്റെയർ റൂമിന്റെ വിസ്തീർണ്ണമായ 9.1 M$^2$ നികുതി നിർണ്ണയത്തിൽ ഉൾപ്പടുത്തിയിട്ടില്ല

| ക്രമ നം. | ഉടമയുടെ പേര് /കെട്ടിട നമ്പർ | നിർണ്ണയിക്കേണ്ട നികുതി | കുറവ് |
|---|---|---|---|
| 1 | വിജിതാ രാജ് 22/185C,D,E<br>100m$^2$ ന മുകളിലുള്ള വാണിജ്യാവശ്യകെട്ടിടം | 9.1m$^2$@70=637<br>വഴി സൗകര്യം വർദ്ധനവ്<br>20%=127.4<br>ആകെ നികുതി=764.4<br>ലൈബ്രറി സെസ്-38 | 803 |

ഇതു സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി(2/23.09.2023) നല്കിയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. നികുതി നിർണ്ണയിക്കാത്ത കെട്ടിടഭാഗങ്ങൾക്ക് നികുതി നിർണ്ണയിച്ച് ഈടാക്കി അറിയിക്കേണ്ടതാണ്.

## 1-15 കൈമാറിക്കിട്ടിയ സ്ഥാപനങ്ങൾക്ക് കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ - വിതരണം ചെയ്യാത്ത ഉപകരണങ്ങളുടെ ചെലവ് തുക തടസ്സപ്പെടുത്തുന്നു

മണ്ണഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ കീഴിലുള്ള കൈമാറിക്കിട്ടിയ സ്ഥാപനങ്ങൾക്ക് കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ വാങ്ങി നൽകുന്നതിനായി ആവിഷ്കരിച്ച മേൽ പ്രോജക്റ്റ് (പ്രോജക്റ്റ് നം.169/23) പ്രകാരം ആർ.ജെ എന്റർപ്രൈസസിൽ നിന്നും രണ്ട് ഏസർ ബ്രാൻഡ് ലാപ്ടോപ്പുകൾ വാങ്ങുന്നതിനായി 83,440/- രൂപയും ഐ.ടി മിഷൻ മുഖേന CPRCS പോർട്ടലിൽ നിന്നും മൂന്ന് ലാപ്ടോപ്പുകളും മൂന്ന് ലേസർ പ്രിന്ററുകളും

വാങ്ങുന്നതിന് 1,99,869/- രൂപയും ചെലവഴിച്ചിട്ടുണ്ട്.

പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ, കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ ആവശ്യപ്പെട്ടുകൊണ്ട് നിർവ്വഹണ ഉദ്യോഗസ്ഥർ അപേക്ഷ നൽകിയതായി രേഖയില്ല. കേടായ ഡെസ്ക് ടോപ്പ് കമ്പ്യൂട്ടർ റിപ്പയർ ചെയ്യണമെന്നുള്ള കൃഷി ഓഫീസറുടെ അപേക്ഷ മാത്രമാണ് ഫയലിൽ സൂക്ഷിച്ചിട്ടുള്ളത്. സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ, ആർ.ജെ എന്റർപ്രൈസസിൽ നിന്നും വാങ്ങിയ രണ്ട് ഏസർ ബ്രാൻഡ് ലാപ്ടോപ്പുകൾ അസിസ്റ്റന്റ് എഞ്ചിനീയർ, വി.ഇ.ഒ. എന്നിവർക്കും ഐ.ടി മിഷൻ മുഖേന CPRCS പോർട്ടലിൽ നിന്നും വാങ്ങിയ ഒരു ലാപ്ടോപ്പും പ്രിന്ററും സീനിയർ വെറ്ററിനറി സർജനും കൈപ്പറ്റിയതായി രേഖപ്പെടുത്തിയിട്ടുണ്ട്. ശേഷിക്കുന്ന രണ്ട് ലാപ്ടോപ്പുകളും പ്രിന്ററുകളും ഓഡിറ്റ് തീയതി വരെ പഞ്ചായത്ത് ഓഫീസിൽ സൂക്ഷിച്ചിരിക്കുകയായിരുന്നു. ലാപ്ടോപ്പുകളിൽ ഒരെണ്ണം ഐ.സി.ഡി.എസ് സൂപ്പർവൈസർക്ക് 27.09.2023-ന് ഓഡിറ്റ് നിർദ്ദേശത്തെ തുടർന്ന് കൈമാറിയിട്ടുണ്ട്. ശേഷിക്കുന്ന ഒരു ലാപ്ടോപ്പും രണ്ട് പ്രിന്ററുകളും ഇപ്പോഴും വിതരണം നടത്താതെ പഞ്ചായത്ത് ഓഫീസിൽ സൂക്ഷിക്കുന്നു.

ഒരു ലാപ്ടോപ്പും പ്രിന്ററും ആവശ്യപ്പെട്ടുകൊണ്ട് മെഡിക്കൽ ഓഫീസർ റിക്വസ്റ്റ് നൽകിയിരുന്നുവെന്നും പുതിയ മെഡിക്കൽ ഓഫീസർ ചാർജ് എടുക്കുന്നതിൽ കാലതാമസം ഉണ്ടായതിനാലാണ് ഇവ കൈപ്പറ്റാതിരുന്നതെന്നും ഒരു പ്രിന്റർ ആവശ്യപ്പെട്ടുകൊണ്ട് മെഡിക്കൽ ഓഫീസർ റിക്വസ്റ്റ് നൽകിയിട്ടുണ്ടെന്നും ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.09/25.09.2023) മറുപടി നൽകി. എന്നാൽ ടി അപേക്ഷകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

കൈമാറിക്കിട്ടിയ സ്ഥാപന മേധാവികൾ കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ ആവശ്യപ്പെട്ടുകൊണ്ട് രേഖാമൂലം അപേക്ഷ നൽകാതെ ഇത്തരമൊരു പ്രോജക്ട് ആവിഷ്കരിച്ച് നടപ്പാക്കിയതിന്റെ കാരണം വ്യക്തമല്ല. കൃത്യമായ ആവശ്യകത നിർണ്ണയിക്കാതെ വാങ്ങൽ നടത്തുന്നത് പദ്ധതിപ്പണത്തിന്റെ ദുർവിനിയോഗമാണ്. വിതരണം ചെയ്യാത്ത ഒരു ലാപ്ടോപ്പ്, രണ്ട് പ്രിന്ററുകൾ എന്നിവയുടെ വിലയായ 84,970/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

തൻവർഷം വാങ്ങിയ കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ ഇലക്ട്രോണിക്സ് ഉപകരണങ്ങളുടെ സ്റ്റോക്ക് രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല.

ചെലവ് വിവരം.

ബിൽ നം.1129/28.1123 – 83,440/-

ബിൽ നം.4898/14.3.23 - 1,99,869/-

## 1-16 വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് - ജി.എസ്.ടി ഉറവിടത്തിൽ കുറവ് ചെയ്തില്ല

മത്സ്യത്തൊഴിലാളികളുടെ വിദ്യാർത്ഥികളായ മക്കൾക്ക് ലാപ്ടോപ്പ് വാങ്ങി നൽകുന്നതിനായി ഫിഷറീസ് ഓഫീസർ നടപ്പിലാക്കിയ മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് ലാപ്ടോപ്പ് (S0055/23)എന്ന പദ്ധതി പ്രകാരം 6 വിദ്യാർത്ഥികൾക്ക് ഐ.കെ.എം സ്പെസിഫിക്കേഷൻ പ്രകാരമുള്ള ഏസർ ബ്രാൻഡ് ലാപ്ടോപ്പ് കമ്പ്യൂട്ടറുകൾ വാങ്ങി വിതരണം നടത്തുന്നതിന് തനത് ഫണ്ടിൽ നിന്നും 2,97,609/- രൂപ ചെലവഴിച്ച് ആർ.ജെ എന്റർപ്രൈസസ്, കോട്ടയം എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. പ്രോജക്ട് ഫയലും അനുബന്ധ രേഖകളും പരിശോധിച്ചതിൽ, ടി സ്ഥാപനത്തിൽ നിന്നും നിയമാനുസൃതം ഈടാക്കേണ്ട ചരക്ക് സേവന നികുതി ഉറവിടത്തിൽ കുറവ് ചെയ്തതായി കാണുന്നില്ല. ആർ.ജെ എന്റർപ്രൈസസിൽ നിന്നും 2% നിരക്കിൽ ചരക്ക് സേവന നികുതി ഉറവിടത്തിൽ കുറവ് ചെയ്ത് വിവരം അറിയിക്കേണ്ടതാണ്. ഇതുസംബന്ധിച്ച് നൽകിയ എൻക്വയറിയ്ക്ക് (നം.05/25.9.23) മറുപടി ലഭ്യമാക്കിയില്ല.

ചെലവ് വിവരം.

ചെക്ക് നം – 8443245/14.6.22 – 297609/-

## 1-17 റെക്കോർഡ് റൂം അധിക സൗകര്യമൊരുക്കൽ - അളവ് രേഖപ്പെടുത്തിയതിൽ അപാകത

ഗ്രാമപഞ്ചായത്ത് സെക്രട്ടറി നടപ്പിലാക്കിയ മേൽ പ്രോജക്ട് (നം - S0092/23) പ്രകാരം റെക്കോർഡ്

റൂമിൽ സ്ഥാപിക്കുന്നതിനായി 7.8 സ്ക്വയർ മീറ്റർ വീതം വിസ്തീർണ്ണമുള്ള അഞ്ച് ഓപ്പൺ ഷെൽഫുകൾ (ആകെ വിസ്തീർണ്ണം 39 Sqm) റബ്കോയിൽ നിന്നും വാങ്ങിയിട്ടുണ്ട്. ഒരു സ്ക്വയർ മീറ്ററിന് 14,848/- രൂപ നിരക്കിലാണ് ഷെൽഫുകൾ സപ്ലൈ ചെയ്തിട്ടുള്ളത്. ഇതിനായി തനത് ഫണ്ടിൽ നിന്നും 7,27,168/- (ചെക്ക് നം.8443258/ 6.9.22) ചെലവഴിച്ചിട്ടുണ്ട്.

2.6 മീറ്റർ നീളവും (ഉയരം) 3 മീറ്റർ വീതിയുമുള്ള ഷെൽഫിന്റെ വിസ്തീർണ്ണം 7.8സ്ക്വയർ മീറ്ററാണ്. ഷെൽഫിനെ തറയിൽ ഉറപ്പിച്ചിട്ടുള്ള നാല് കാലുകളുടെ നീളമായ 0.3 മീറ്റർ ഉൾപ്പെടെയാണ് ആകെ നീളം കണക്കാക്കിയിട്ടുള്ളത്. അതായത് ഒരു ഷെൽഫിന്റെ വിസ്തീർണ്ണത്തിലെ 0.9 സ്ക്വയർ മീറ്റർ (3x0.3) ഭാഗം ഈ പൊള്ളയായ അടിഭാഗത്തെ വിസ്തീർണ്ണമാണ്. ഒരു സ്ക്വയർ മീറ്ററിന് 14,848/- രൂപ നിരക്കിൽ തുക നൽകേണ്ടതിനാൽ ആകെ വിസ്തീർണ്ണം കണക്കാക്കിയപ്പോൾ ടി ഭാഗം ഒഴിവാക്കി അളവെടുക്കേണ്ടതായിരുന്നു. ശരിയായ രീതിയിൽ അളവ് രേഖപ്പെടുത്തുന്നതിൽ വീഴ്ച സംഭവിച്ചതുമൂലം ഒരു സ്ക്വയർ മീറ്ററിന് 14,848/- നിരക്കിൽ 4.5m$^2$ അളവിന് 66,816/-രൂപ റബ്കോയ്ക്ക് അധികം നൽകേണ്ടി വന്നിട്ടുണ്ട്. പൊള്ളയായ അടിഭാഗത്തെ 4.5m$^2$ വിസ്തീർണ്ണത്തിന് ഈടാക്കിയ തുക റബ്കോയിൽ നിന്നും തിരികെ ലഭിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്ന് ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.6/25.09.23) മറുപടി നൽകി. റബ്കോയിൽ നിന്നും തുക ഈടാക്കി അറിയിക്കേണ്ടതാണ്.

1-18 കുടിവെള്ള വിതരണം (പ്രോജക്ട് നം.S0074/23) – വാഹനം ഓടാത്ത ദിവസങ്ങളിൽ തുക നൽകി, ആദായ നികുതി ഉറവിടത്തിൽ കുറവ് ചെയ്തില്ല

കുടിവെള്ള ക്ഷാമം രൂക്ഷമായ പ്രദേശങ്ങളിൽ ടാങ്കർ ലോറിയിൽ കുടിവെള്ള വിതരണം നടത്തുന്നതിന് KL-04-AM-9978 എന്ന വാഹനത്തിന്റെ ഉടമയായ ശ്രീ.സന്ദീപ് എം. ചിറയിൽ എന്നയാളെയാണ് ചുമതലപ്പെടുത്തിയിരുന്നത്. ജി.പി.എസ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അംഗീകൃത നിരക്കായ കിലോമീറ്ററിന് 60/- രൂപ നിരക്കിലാണ് വാഹന വാടക നൽകുന്നത്. തൻവർഷം മേൽ പ്രോജക്ട് പ്രകാരം കുടിവെള്ള വിതരണം നടത്തിയതിന് തനത് ഫണ്ടിൽ നിന്നും 7,56,042/- രൂപ ചെലവഴിച്ചിട്ടുണ്ട്. പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ കണ്ടെത്തിയ പോരായ്മകൾ ചുവടെ കൊടുക്കുന്നു.

1) ജി.പി.എസ് റിപ്പോർട്ട് ഹാജരാക്കിയില്ല

കുടിവെള്ള വിതരണം നടത്തുന്നതിനായി 29.03.2022 മുതൽ 28.04.2022 വരെയുള്ള ദിവസങ്ങളിൽ 2694 KM വാഹനം ഓടിയതിന് 1,61,640/- രൂപ വാടകയിനത്തിൽ നൽകിയിട്ടുണ്ട്. എന്നാൽ ഫയലിൽ എപ്രിൽ മാസത്തെ താഴെപറയുന്ന തീയതികളിലെ ജി.പി.എസ് റിപ്പോർട്ട് മാത്രമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

| ക്രമ നം. | തീയതി | ദൂരം | തുക |
|---|---|---|---|
| 01 | 01/04/22 | 70.6 | 4,236 |
| 02 | 02/04/22 | 85.9 | 5,154 |
| 03 | 03/04/22 | 94.5 | 5,670 |
| 04 | 04/04/22 | 89.5 | 5,370 |
| 05 | 08/04/22 | 87.9 | 5,274 |
| 06 | 09/04/22 | 94.7 | 5,682 |
| 07 | 10/04/22 | 113.3 | 6798 |
| 08 | 11/04/22 | 108.1 | 6,486 |
| 09 | 15/04/22 | 0 | 0 |
| 10 | 16/04/22 | 90.2 | 5,412 |
| 11 | 17/04/22 | 0 | 0 |

| | | | |
|---|---|---|---|
| 12 | 18/04/22 | 87.6 | 5,256 |
| 13 | 22/04/22 | 81.1 | 4,866 |
| 14 | 23/04/22 | 99 | 5,940 |
| 15 | 24/04/22 | 0 | 0 |
| 16 | 25/04/22 | 111.6 | 6,696 |
| 17 | 26/04/22 | 96.2 | 5,772 |
| 18 | 27/04/22 | 104 | 6,240 |
| 19 | 28/04/22 | 104.7 | 6,282 |
| | ആകെ | 1518.9 | 91,134 |

ജി.പി.എസ് റിപ്പോർട്ട് പ്രകാരം 1518.9 KM ദൂരം ഓടിയതിന് 91,134 രൂപയാണ് വാഹന ഉടമയ്ക്ക് നൽകേണ്ടിയിരുന്നത്. വാടകയിനത്തിൽ അധികം നൽകിയ 70,506/- രൂപ (161640-91134) ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. വാഹന ഉടമയിൽ നിന്നും ഈടാക്കുന്നതാണ് എന്നാണ് ഇതുസംബന്ധിച്ച ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.17/26.09.2023) മറുപടി നൽകിയത്. വാഹന ഉടമ തുക അടവാക്കാത്തപക്ഷം 70,506/- രൂപ ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നും ഈടാക്കേണ്ടതാണ്.

<u>2) ആദായ നികുതി ഈടാക്കിയില്ല.</u>

കുടിവെള്ള വിതരണം നടത്തിയതിന് 26.5.22-ൽ 1,61,640/- രൂപയും 13.9.22-ൽ 1,93,740/- രൂപയും തനത് ഫണ്ടിൽ നിന്നും ബിൽ പ്രകാരം മാറി നൽകിയിട്ടുണ്ട്. എന്നാൽ ടി തുകയ്ക്ക് 1% നിരക്കിൽ ആദായ നികുതി കുറവ് ചെയ്തിട്ടില്ല. കരാറുകാരനിൽ നിന്നും 3,55,380/- രൂപയുടെ 1% തുകയായ 3,554/- രൂപ ഈടാക്കി ആദായ നികുതി വകുപ്പിൽ ഒടുക്കി വിവരം അറിയിക്കേണ്ടതാണ്.

<u>ചെലവ് വിവരം.</u>

ചെക്ക് നം – 072297/26.5.22 – 1,61,640/-

ചെക്ക് നം – 8443260/13.9.22 – 1,93,740/-

ചെക്ക് നം – 6195013/17.11.22 – 1,22,322/-

ചെക്ക് നം – 082266/4.3.23 - 2,78,340/-

## 1-19 ഫാമിലി ഹെൽത്ത് സെന്റർ -ആംബുലൻസ് പരിപാലനം അപാകതകൾ

ഫാമിലി ഹെൽത്ത് സെന്റർ കലവൂരിന് എം.പി.ഫണ്ടിൽ നിന്നും 2022-ൽ ലഭിച്ച KL04AR7462 നമ്പറിലുള്ള ആംബുലൻസിന്റെ ഡ്രൈവറുടെ വേതനം, മെയിന്റനൻസ്, ഡീസൽ ചെലവ് എന്നിവ 08/2022 വരെ തനതു ഫണ്ടിൽ നിന്നും 09/2022 മുതൽ പ്രോജക്ട് പ്രകാരവും ചെയ്യുന്നു. ആംബുലൻസിൽ നിന്നുള്ള വരവ് പഞ്ചായത്തിൽ ലഭിക്കുന്നുണ്ട്. ഇതിന്റെ കൃത്യത ഉറപ്പാക്കുന്നതിനായി ലോഗ് ബുക്ക്, രസീത് എന്നിവ പരിശോധിച്ചതിൽ താഴെ കൊടുക്കുന്ന അപാകതകൾ കാണുന്നു.

1) 31.01.2022 മുതൽ സർവ്വീസ് തുടങ്ങിയ ആംബുലൻസിന്റെ വരവ് രസീത് നൽകി ഈടാക്കി തുടങ്ങിയത് 05.1.2023 മുതലാണ്. അതുവരെ ലഭിച്ച തുകകൾ ഒരു രജിസ്റ്ററിൽ രേഖപ്പെടുത്തിയത് പ്രകാരമാണ് പഞ്ചായത്തിൽ അടച്ചിട്ടുള്ളത്.

2) രസീത് പ്രകാരം ഒരുമാസം ലഭിക്കുന്ന തുകകൾ ഹോസ്പിറ്റലിൽ സൂക്ഷിച്ച് തൊട്ടടുത്തമാസം പഞ്ചായത്തിൽ അടയ്ക്കുന്നരീതിയാണ് അനുവർത്തിക്കുന്നത്.

3) ലോഗ് ബുക്കിൽ ഫ്രീ സർവ്വീസ് /മറ്റെന്തെങ്കിലും ഉത്തരവിന്റെ അടിസ്ഥാനത്തിലുള്ളത് എന്ന് മെഡിക്കൽ ഓഫീസർ രേഖപ്പെടുത്താത്ത താഴെപ്പറയുന്ന യാത്രകൾക്ക് രസീത് നൽകാത്തതായി കാണുന്നു. മിനിമം ചാർജായി 40km വരെ 600/- രൂപയും പിന്നീടുള്ള ഓരോ കിലോമീറ്ററിനും 15/- രൂപ വീതവുമാണ്

നിശ്ചയിച്ചിരിക്കുന്നത്.

| ക്രമ നം. | തീയതി | യാത്രാ വിവരം | ദൂരം | ഈടാക്കേണ്ട തുക |
|---|---|---|---|---|
| 1 | 18/1/2023 | FHC- എറണാകുളം സൗത്ത് -വണ്ടാനം മെഡിക്കൽ കോളേജ് | 170 KM | 2550 |
| 2 | 10.4.2023 | FHC- കിംസ് ഹോസ്പിറ്റൽ കോട്ടയം | 123km | 1845 |
| ആകെ | | | | 4395 |

4) ലോഗ് ബുക്കിൽ കിലോമീറ്റർ രേഖപ്പെടുത്തുന്നത് യഥാർത്ഥ ദൂരത്തേക്കാൾ വളരെയധികമാണെന്ന് കാണുന്നു. ഇതുപോലെ എഴുതുന്ന കിലോമീറ്ററുകൾ കൂട്ടിയാണ് ലോഗ്ബുക്കിൽ മാസാന്ത്യത്തിലെ സംക്ഷിപ്ത വിവരം എഴുതുന്നത്. ഇതമൂലം യഥാർത്ഥത്തിലുള്ളതിനേക്കാൾ ഇന്ധന ഉപയോഗം കൂടുതലായി കാണിക്കാൻ സാധിക്കുന്നു.

| ക്രമ നം. | തീയതി | യാത്രാ വിവരം | ലോഗ്ബുക്കിൽ രേഖപ്പെടുത്തിയ ദൂരം | യഥാർത്ഥ ദൂരം |
|---|---|---|---|---|
| 1 | 17.4.2023 | FHC കലവൂർ- ജനറൽ ഹോസ്പിറ്റൽ ആലപ്പുഴ | 39 KM | 11km ഹോസ്പിറ്റലിൽ പോയി വരുന്നതിനുള്ള ആകെ ദൂരം=22km |
| 2 | 17.4.2023 | FHCകലവൂർ- പ്രോവിഡൻസ് ഹോസ്പിറ്റൽ ആലപ്പുഴ | 40KM | 6 Km ഹോസ്പിറ്റലിൽ പോയി വരുന്നതിനുള്ള ആകെ ദൂരം =12km |

മേൽ സൂചിപ്പിച്ച അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി(26/27.09.2023) നല്കിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ലോഗ് ബുക്കിൽ രേഖപ്പെടുത്തിയിരിക്കുന്ന ഫ്രീ സർവ്വീസ് അല്ലാത്ത യാത്രകൾക്ക് രസീത് നൽകി പഞ്ചായത്തിൽ തുക അടക്കുന്നതിനും, രസീത് പ്രകാരം പൊതുജനങ്ങളിൽ നിന്നും ഈടാക്കുന്ന തുകകൾ തൊട്ടടുത്ത പ്രവൃത്തിദിവസം തന്നെ പഞ്ചായത്തിൽ അടക്കുന്നതിനും, ലോഗ് ബുക്കിൽ യാത്രയുടെ യഥാർത്ഥ ദൂരം രേഖപ്പെടുത്തുന്നതിനും ശ്രദ്ധിക്കേണ്ടതാണ്. കൂടാതെ ലോഗ് ബുക്കിൽ രേഖപ്പെടുത്തിയിരിക്കുന്ന ഫ്രീ സർവ്വീസ് അല്ലാത്ത യാത്രകൾക്ക് ഈടാക്കേണ്ട തുക 4,395/-രൂപ ഈടാക്കി അറിയിക്കേണ്ടതാണ്.

1-20 ആംബുലൻസ് ഡ്രൈവർക്ക് വേതനം-അധിക തുക നൽകിയത് സംബന്ധിച്ച്

പ്രോജക്ടിന്റെ പേര് : ആംബുലൻസ് ഡ്രൈവറുടെ വേതനം, ആംബുലൻസ് മെയിന്റനൻസ്, ഇന്ധനം (S0063/23)

അടങ്കൽ: 500000(തനത് ഫണ്ട്)

ചെലവ്: 222230/-

മെഡിക്കൽ ഓഫീസർ(FHC കലവൂർ) നിർവ്വഹണം നടത്തിയ ടി പദ്ധതി പ്രകാരം ദിവസ വേതന

അടിസ്ഥാനത്തിൽ നിയമിച്ച ആംബുലൻസ് ഡ്രൈവറായ ശ്രീ.രജീഷ് കുമാറിന് 2022 ആഗസ്റ്റ് മുതലുള്ള മാസങ്ങളിലെ വേതനം നൽകിയിട്ടുണ്ട്. 30.1.2022 ലെ പഞ്ചായത്ത് കമ്മിറ്റിയുടെ 5(1) നം തീരുമാനപ്രകാരം 11.02.2021 ലെ സ.ഉ(പി) നം.29/2021 /ഫിൻ തീയതി 11.02.21 പ്രകാരം 730 രൂപ ദിവസ വേതനത്തിൽ ഒരു മാസം 19710 /- രൂപയിൽ അധികരിക്കാതെ, ശ്രീ രജീഷ് കുമാറിനെ ആംബുലൻസ് ഡ്രൈവറായി നിയമിക്കുന്നതിന് തീരുമാനിച്ചിരുന്നു. എന്നാൽ ഫയൽ പരിശോധിച്ചതിൽ താഴെപ്പറയുന്ന മാസങ്ങളിൽ അനുവദനീയമായതിലും അധിക തുക ഡ്രൈവർക്ക് വേതനമായി നൽകിയിട്ടുണ്ട്.

| മാസം | ഹാജരായിട്ടുള്ള ദിവസം | നൽകാവുന്ന തുക | നൽകിയ തുക/ വൗച്ചർ നം., തീയതി | വ്യത്യാസം |
|---|---|---|---|---|
| ഒക്ടോബർ 2022 | 26 | 18980 | 19710/- (Vr.No 22201025/ 04.11.2022) | 730 |
| ജനുവരി 2023 | 27 | 19710 | 20555/- (Vr.No 22201454/ 13.02.2023) | 845 |
| ഫെബ്രുവരി 2023 | 24 | 17520 | 19710 (Vr.No 22201900/ 31.03.2023) | 2190 |
| ആകെ | | | | 3765 |

വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം-18/26.9.2023) മറുപടി ലഭ്യമാക്കിയില്ല. ദിവസവേതന അടിസ്ഥാനത്തിൽ നിയമിച്ച ഡ്രൈവർക്ക് അനുവദനീയമായതിലും അധികം നൽകിയ 3,765/- തിരികെ ഈടാക്കി അറിയിക്കേണ്ടതാണ്. വിശദാംശങ്ങൾ ഭാഗം 3-2 ൽ ചേർത്തിട്ടുണ്ട്.

1-21 കരാറടിസ്ഥാനത്തിൽ നിയമിച്ച ഡോക്ടർക്ക് വേതനം നൽകൽ-ആദായനികുതി കുറവ് ചെയ്യാതിരുന്നത് സംബന്ധിച്ച്

ആദായ നികുതി നിയമം അനുസരിച്ച് ഡോക്ടർമാർ, അക്കൗണ്ടന്റുമാർ, എഞ്ചിനീയർമാർ, ഇന്റീരിയർ ഡിസൈനർമാർ, ആർക്കിടെക്റ്റുകൾ മുതലായവർക്ക് അവരുടെ പ്രൊഫഷണൽ, അല്ലെങ്കിൽ സാങ്കേതിക സേവനങ്ങൾക്കു നൽകുന്ന പ്രതിമാസ വേതനം 30,000/- രൂപയിൽ കൂടുതലാണെങ്കിൽ പ്രസ്തുത വേതനത്തിൽ നിന്നും 10% തുക TDS കിഴിവ് ചെയ്യേണ്ടതാണ്. എന്നാൽ കലവൂർ കുടുംബാരോഗ്യ കേന്ദ്രത്തിൽ കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്തിരുന്ന ഡോ.ഷമ്മാസ് ഷെരീഫ് -ന്റെ പ്രതിമാസ വേതനത്തിൽ നിന്നും ആദായ നികുതി കുറവ് ചെയ്തിട്ടില്ല. ഡോ.ഷമ്മാസിന് 08/2022 മുതൽ 03/2023 വരെയുള്ള മാസങ്ങളിലെ വേതനമായി 2022-23 സാമ്പത്തിക വർഷം 4,33,355/- രൂപ നൽകിയിട്ടുണ്ട് (പ്രതിമാസം 57525/-നിരക്കിൽ,ഡിസംബറിൽ 30680/-). എന്നാൽ ടി തുകയ്ക്ക് ആനുപാതികമായി ആദായ നികുതി കുറവ് ചെയ്യാതിരുന്നത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം - 12/26.9.2023) മറുപടി ലഭ്യമാക്കിയില്ല. പ്രസ്തുത കാലയളവിലെ ആദായ നികുതി അടവാക്കിയിട്ടില്ലെങ്കിൽ ആയത് ഒടുക്കുവരുത്താൻ നിർദ്ദേശം നൽകാവുന്നതാണ്. ഡോ.ഷമ്മാസ്

ഷെരീഫ് നിലവിൽ കരാറടിസ്ഥാനത്തിൽ തുടരുന്ന സാഹചര്യത്തിൽ അടുത്ത സാമ്പത്തിക വർഷം മുതൽ ആദായനികുതി ഈടാക്കി അടവാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-22 മഴക്കാല പൂർവ്വ ശുചീകരണം -രേഖകൾ ഹാജരാക്കിയില്ല

മഴക്കാല പൂർവ്വ ശുചീകരണത്തിനായി താഴെകൊടുത്തിരിക്കുന്ന പ്രകാരം തുകകൾ മെഡിക്കൽ ഓഫീസർക്ക് കൈമാറിയിട്ടുണ്ട്.

| ക്രമ നം. | വൗച്ചർ നം. /തീയതി | ചെക്ക് നം. | തുക |
|---|---|---|---|
| 1 | 22200214/13.5.2023 | 72278/13.5.2023 | 1,15,000/- |
| 2 | 22200460/04.07.2023 | 72345/4.7.2020 | 2,30,000/ |

ആകെ 15,000/- രൂപ വീതം 23 വാർഡുകളുടെ സാനിട്ടേഷൻ സമിതി അക്കൗണ്ടിലേക്ക് നല്കിയിട്ടുണ്ടെങ്കിലും വാർഡ് 13,14 എന്നിവയ്ക്ക് ലഭിച്ച 10,000/- രൂപ നാളിതുവരെയും ചെലവഴിച്ചിട്ടില്ല. വാർഡ് 17,16,7 എന്നിവയുടെ ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ല. മേൽ സൂചിപ്പിച്ച അപാകതകൾക്ക് മറുപടി ലഭ്യമാക്കുവാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നം.(25/27.09.2023) നല്കിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. വാർഡ് 13,14 എന്നിവയ്ക്കനുവദിച്ച 30000/- രൂപയിൽ ചെലവഴിക്കാനവശേഷിക്കുന്ന 20000/- രൂപ പഞ്ചായത്ത് കമ്മിറ്റി തീരുമാനത്തിന് വിധേയമായി പഞ്ചായത്ത് ഫണ്ടിലേക്ക് തിരികെ ഒടുക്ക് വരുത്തേണ്ടതാണ്. ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ലാത്തതിനാൽ മൂന്ന് വാർഡുകൾക്കായി അനുവദിച്ച 45,000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-23 തുല്യതാ പരീക്ഷ -വിനിയോഗ രേഖകൾ ഹാജരാക്കിയില്ല

പ്രോജക്റ്റിന്റെ പേര് : പത്താംതരം തുല്യത(S0185/23)

അടങ്കൽ : 75000(വികസനഫണ്ട് ജനറൽ)

ചെലവ് : 73750

BRN 1520519/28.3.23, 73750/-

ഹെഡ്മിസ്ട്രസ്സ്, ഗവ.യു.പി.എസ്., തമ്പകച്ചുവട് നിർവ്വഹണം നടത്തിയ ടി പദ്ധതിയുടെ ഭാഗമായി രജിസ്ട്രേഷൻ ഫീസിനത്തിൽ പത്താംതരത്തിൽ ഒരു പഠിതാവിനായി 2,550/- രൂപ വീതം 19 പേർക്ക് 48,450/- രൂപയും ഹയർസെക്കന്ററി ഒന്നാം വർഷം ഒരു പഠിതാവിന് 3,200/- രൂപ നിരക്കിൽ 7 പഠിതാക്കൾക്ക് 22,400/- രൂപയും ഹയർസെക്കന്ററി രണ്ടാം വർഷം ഒരു പഠിതാവിന് 2,900/-രൂപയുമുൾപ്പെടെ ആകെ 73,750/- രൂപ സാക്ഷരതാ മിഷന് നൽകിയിട്ടുണ്ട്. എന്നാൽ പഠിതാക്കൾക്കായി ക്ലാസ്സുകൾ നടത്തിയതിന്റെ ഹാജർ, അതുപോലെ പരീക്ഷ എഴുതിയവരുടേയോ, വിജയിച്ചവരുടെയോ പേരുവിവരങ്ങൾ, സർട്ടിഫിക്കറ്റ് തുടങ്ങിയവ ഫയലിൽ ഇല്ല. വിനിയോഗ രേഖകൾ ലഭ്യമാക്കാനറിയിച്ച് ഓഡിറ്റ് എൻക്വയറി(നം. 10/25.9.2023) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. രേഖകളുടെ അഭാവത്തിൽ ടി പദ്ധതിക്കായി ചെലവഴിച്ച 73,750/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-24 കേര കീടരോഗ നിയന്ത്രണ പരിപാടി - സ്ഥാപനം തുക കൈപ്പറ്റിയതിന്റെ രേഖകളില്ല

പഞ്ചായത്തിലെ വിവിധ വാർഡുകളിലെ രോഗം ബാധിച്ച തെങ്ങുകളുടെ മണ്ട വൃത്തിയാക്കി മരുന്ന് തളിക്കുന്നതിനായി ആവിഷ്കരിച്ച് നടപ്പാക്കിയ പദ്ധതിയാണിത്. ഒരു തെങ്ങിന് മരുന്ന് തളിക്കുന്നതിന് 100/- രൂപയാണ്. ഇതിൽ 75/- രൂപ പദ്ധതി വിഹിതവും 25/- രൂപ ഗുണഭോക്തൃ വിഹിതവുമാണ്. ഫയൽ പരിശോധിച്ചതിൽ, 6000 തെങ്ങുകൾക്ക് മരുന്ന് തളിച്ചതിന്റെ കൂലിയായി 6,00,000/- രൂപയുടെ ഇൻവോയ്സ് (നം. 236/20.3.2023) Friends Of Coconut Trees, Edayar, Koothattukulam എന്ന സ്ഥാപനം ഹാജരാക്കിയിട്ടുണ്ട്. പ്രോജക്റ്റ് ഫയൽ പരിശോധിച്ചതിൽ, താഴെപറയുന്ന അപാകതകൾ കാണുന്നു

1) ഗുണഭോക്തൃ വിഹിതം പഞ്ചായത്തിൽ ഒടുക്കിയില്ല.

പദ്ധതി രേഖയിൽ ഗുണഭോക്തൃ വിഹിതം ഗുണഭോക്താക്കൾ നേരിട്ട് ചെലവഴിക്കുന്നതായിട്ടാണ് രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ ഓരോ വാർഡിൽ നിന്നും ഗുണഭോക്തൃ വിഹിതം കേര സമിതി മുഖേന ശേഖരിക്കുകയാണ് ചെയ്തിട്ടുള്ളത്. ഇപ്രകാരം ശേഖരിച്ച ഗുണഭോക്തൃ വിഹിതം (1,50,000/-) രസീത് മുഖേന പഞ്ചായത്തിൽ ഒടുക്കിയില്ല. Friends Of Coconut Trees എന്ന സ്ഥാപനത്തിന് ഗുണഭോക്തൃ വിഹിതം കൈമാറിയതിന്റെ രേഖകളും ഹാജരാക്കിയില്ല.

2) പദ്ധതി വിഹിതം കേര സമിതിയുടെ അക്കൗണ്ടിലേയ്ക്ക് കൈമാറി.

പദ്ധതിയുടെ നിർവ്വഹണ ഏജൻസിയായി Friends Of Coconut Trees, Edayar, Koothattukulam എന്ന സ്ഥാപനത്തിന് പദ്ധതി വിഹിതത്തിൽ നിന്നും നൽകേണ്ട 4,50,000/- രൂപ ബിൽ പ്രകാരം പിൻവലിച്ച് പഞ്ചായത്തിലെ കേര സമിതിയുടെ ഫെഡറൽ ബാങ്ക് അക്കൗണ്ടിലേയ്ക്കാണ് ട്രാൻസ്ഫർ ചെയ്തിരിക്കുന്നത്. ടി തുക കേര സമിതി നിർവ്വഹണ സ്ഥാപനത്തിന് നൽകിയതിന്റെ രേഖകൾ ഹാജരാക്കിയില്ല. രേഖകൾ ഹാജരാക്കുന്നതിന് ഓഡിറ്റ് എൻക്വയറി (നം.15/26.9.23) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. രേഖകളുടെ അഭാവത്തിൽ മേൽ പ്രോജക്ടിനായി പദ്ധതി വിഹിതത്തിൽ നിന്നും ചെലവഴിച്ച 4,50,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

കേര സമിതി ഗുണഭോക്തൃ വിഹിതമിനത്തിൽ പിരിച്ച 1,50,000/- രൂപയും കേര സമിതിയുടെ അക്കൗണ്ടിലേയ്ക്ക് സബ്സിഡി വിഹിതമായി കൈമാറിയ 4,50,000/- രൂപയും Friends Of Coconut Trees എന്ന സ്ഥാപനത്തിന് കൈമാറി ബാങ്ക് അക്കൗണ്ട് വിവരങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. അല്ലാത്തപക്ഷം ടി തുക നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

ബിൽ നം – 082342/30.3.23 – 4,50,000/-

1-25 കലവൂർ കുടുംബാരോഗ്യകേന്ദ്രത്തിലേയ്ക്ക് ആംബുലൻസ് ഷെഡും ഡ്രൈവർക്ക് വിശ്രമ മുറിയും നിർമ്മാണം -അനധികൃതമായി പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചുനല്കി

| | |
|---|---|
| പ്രോജക്ട് നം. | S0081/23 |
| എസ്റ്റിമേറ്റ് | 400000(തനതുഫണ്ട്) |
| കരാർ നം | 56/AE/LSGD 19-20/22.04.2020 |
| കരാറുകാരൻ | പി.എൻ.ദാസൻ,(0.001%below) |
| എഗ്രീഡ്. പി.എ.സി | 351198.47 |
| ആകെ മൂല്യം | 339499 |
| ചെലവുവിവരം | വൗച്ചർ നം.22201539/27.2.23 |

കലവൂർ കുടുംബാരോഗ്യകേന്ദ്രത്തിലേയ്ക്ക് ആംബുലൻസ് ഷെഡും ഡ്രൈവർക്ക് വിശ്രമ മുറിയും നിർമ്മാണത്തിനായി 22.4.2020-ൽ കരാർ ചമച്ചെങ്കിലും 26.9.22-ൽ മാത്രമാണ് പ്രവൃത്തി പൂർത്തീകരിച്ചിട്ടുള്ളത്. ചെക്ക്മെഷർ ചെയ്ത തിയതി 6.12.22 നാണ്. 4 തവണ (Supplementary Agt Dt 21.10.2020, 21.04.21, 21.10.21, 21.4.22) കാലയളവ് ദീർഘിപ്പിച്ച് നൽകിയിട്ടുമുണ്ട്. ഓരോ പ്രാവശ്യവും കോവിഡ് 19 ലോക്ഡൗൺ എന്ന കാരണത്താൽ പിഴ ഈടാക്കാതെ അസിസ്റ്റന്റ് എഞ്ചിനീയറുടെ നടപടിക്രമത്തിന്റെ അടിസ്ഥാനത്തിലാണ് പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചുനല്കിയിട്ടുള്ളത്. ഇപ്രകാരം പ്രവൃത്തിയുടെ പൂർത്തീകരണ കാലയളവ് ദീർഘിപ്പിച്ചുനല്കിയതിന് പഞ്ചായത്ത് കമ്മറ്റി തീരുമാനം കാണുന്നില്ല. പഞ്ചായത്ത് കമ്മറ്റി തീരുമാനം എടുത്തിട്ടുണ്ടെങ്കിൽ ആയത് ഹാജരാക്കേണ്ടതാണ്.കരാറുകാരൻ ഹാജരാക്കിയിട്ടുള്ള അപേക്ഷയിൽ മെഡിക്കൽ ഓഫീസറുടെ നിർദ്ദേശ പ്രകാരം വൈദ്യുതീകരണം കൂടെ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയശേഷം പ്രവൃത്തി ആരംഭിച്ചാൽ മതിയെന്ന നിർദ്ദേശത്തെ തുടർന്നാണ് കാലതാമസം ഉണ്ടായതെന്നാണ്. PWD മാനവൽ അനുശാസിക്കും പ്രകാരമുള്ള

പിഴ ഈടാക്കാതെ കാലയളവ് ദീർഘിപ്പിച്ചുനല്കിയതിന് വിശദീകരണം ആവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (22/27.9.23) മറുപടി ലഭ്യമാക്കിയില്ല. പൊതുമരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിൽ PWD മാനവൽ അനുശാസിക്കും പ്രകാരമുള്ള നടപടികൾ സ്വീകരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. പഞ്ചായത്ത് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

1-26 ടാർ ബാരൽ വില, ജി.എസ്.ടി ഉൾപ്പെടെ സെക്രട്ടറിയുടെ അക്കൗണ്ടിൽ സൂക്ഷിക്കുന്നു

ഗ്രാമപഞ്ചായത്തിൽ 2022-23ൽ നടപ്പിലാക്കിയ മരാമത്തു പ്രവർത്തികളുടെ ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന റോഡ് ടാറിംഗ് പ്രവർത്തികൾക്ക് പാക്ക്ഡ് ബിറ്റുമിന്റെ നിരക്കിലാണ് മൂല്യ നിർണ്ണയം നടത്തിയിട്ടുള്ളത്. എന്നാൽ കരാറുകാരന് തുക നൽകിയപ്പോൾ ഫൈനൽ ബില്ലിൽ നിന്നും കാലിവീപ്പയുടെ വിലയും 18% നിരക്കിൽ ജി.എസ്.ടിയും ഉൾപ്പെടെയുള്ള തുക പിൻവലിച്ച് സെക്രട്ടറിയുടെ പേരിലുള്ള അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തിരിക്കുന്നു. സർക്കാർ ഉത്തരവ് (പി) 177/06 ഫിൻ 12.4.06 ഖണ്ഡിക 10.3 പ്രകാരം ടാർ വീപ്പ വിറ്റു കിട്ടുന്ന തുക ഏത് ഫണ്ടിൽ നിന്നാണോ ടാർ വാങ്ങിയത് അതേ ഫണ്ടിൽ തന്നെ തിരിച്ചടക്കേണ്ടതും. ജി.എസ്.ടി പ്രത്യേകം പിൻവലിച്ച് ബന്ധപ്പെട്ട വകുപ്പിലേക്ക് ഒടുക്ക് വരുത്തേണ്ടതുമാണ്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| പ്രോജക്ടിന്റെ പേര് | കരാറുകാരൻ | ഫണ്ടിനം | ഉപയോഗിച്ച ബിറ്റുമിന്റെ അളവ് | ബാരൽ വില ബില്ലിൽ കുറവ് ചെയ്ത തുക | ജി.എസ്.ടി18% | സെക്രട്ടറിയുടെ അക്കൗണ്ടിലേയ്ക്ക് ക്രെഡിറ്റ് ചെയ്ത തുക |
|---|---|---|---|---|---|---|
| കപ്പേഴം മസ്ജിദ് റോഡ് റീ-ടാറിംഗ് | മൗലനാ അബ്ദുൾകലാം ആസാദ് | മെയിൻറ്റനൻസ് ഫണ്ട് റോഡ് | 9 | 2143 | 386 | 2529 |
| കുട്ടുങ്കൽ കിഴക്കേ ജുമ മസ്ജിദ് റോഡ് റീ-ടാറിംഗ്(156/23) | മൗലനാ അബ്ദുൾകലാം ആസാദ് | മെയിൻറ്റനൻസ് ഫണ്ട് റോഡ് | 8 | 1905 | 343 | 2248 |
| ലെനിൻ കോർണർ പടിഞ്ഞാറെവെളി റോഡ് റീ-ടാറിംഗ് (167/23) | ഷൗക്കത്തലി വി.എം. | മെയിൻറ്റനൻസ് ഫണ്ട് റോഡ് | 8 | 1905 | 343 | 2248 |
| പുളിത്താഴെ ഇരങ്ങാട്ട് റോഡ് റീ-ടാറിംഗ് (230/23) | മുഹമ്മദ്കുഞ്ഞ്നൈന | മെയിൻറ്റനൻസ് ഫണ്ട് റോഡ് | 4 | 952 | 172 | 1124 |

| | | | | | | |
|---|---|---|---|---|---|---|
| പനയ്ക്കൽപ്പള്ളിയ്ക്ക് കിഴക്കുവശമുള്ള റോഡ് ടാറിംഗ് (187/23) | ഷൗക്കത്തലിവി.എം. | വികസനഫണ്ട്(ജനറൽ) | 5 | 1190 | 215 | 1405 |
| ഓൾഡ് പോസ്റ്റോഫീസ് കിഴക്കേപള്ളി ജുമ.മസ്ജിദ് റോഡ് റീടാറിംഗ്(154/23) | അനസ് നൈന | മെയിൻറ്റനൻസ് ഫണ്ട് റോഡ് | 7 | 1666 | 301 | 1967 |
| ഐ.ടി.സി മന്നത്ത് ക്ഷേത്രം റോഡ് റീ-ടാറിംഗ് (183/23) | ഷാഹുൽ ഹമീദ്.കെ.എ | മെയിൻറ്റനൻസ് ഫണ്ട് റോഡ് | 9 | 2143 | 386 | 2529 |
| മരണാന്തര സഹായനിധി മുതൽ മടയാംതോട് റോഡ് റീ ടാറിംഗ് (164/23) | മൗലനാം അബ്ദുൾകലാം ആസാദ് | മെയിൻറ്റനൻസ് ഫണ്ട് റോഡ് | 8 | 1905 | 343 | 2248 |
| കോളഭാഗം മാടത്തുംകര റോഡ് റീടാറിംഗ്(157/23) | ഷാഹുൽ ഹമീദ്.കെ.എ | മെയിൻറ്റനൻസ് ഫണ്ട് റോഡ് | 8 | 1905 | 343 | 2248 |
| കറുകത്തറ പാട്ടേഴത്ത് റോഡ് റീടാറിംഗ് (171/23) | മൗലനാം അബ്ദുൾകലാം ആസാദ് | മെയിൻറ്റനൻസ് ഫണ്ട് റോഡ് | 8 | 1905 | 343 | 2248 |
| ആകെ | | | | 17619 | 3175 | |

ഇതു സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് (14/26.9.23) മറുപടിയായി ജി.എസ്.ടി ഇനത്തിൽ കുറവ് ചെയ്ത് ബാങ്ക് അക്കൗണ്ടിൽ സൂക്ഷിച്ചിട്ടുള്ള 3,175/-രൂപ പിൻവലിച്ച് പ്രസ്തുത വകുപ്പിലേക്കും ടാർ വീപ്പയുടെ വിലയിനത്തിൽ മെയിന്റനൻസ് ഗ്രാന്റ് റോഡിൽ നിന്നും പിൻവലിച്ച് സെക്രട്ടറിയുടെ അക്കൗണ്ടിൽ സൂക്ഷിച്ചിട്ടുള്ള 16,429/-രൂപയുംവികസനഫണ്ടിൽ നിന്നുള്ള 1190/-രൂപയും അതാത് അക്കൗണ്ടിലേയ്ക്ക് മാറ്റുന്നതിനായി സെക്രട്ടറിയ്ക്ക് കത്ത് നല്കുന്നതാണെന്ന് അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്. ജി.എസ്.ടി ഇനത്തിൽ കുറവ് ചെയ്ത് തുക ടി വകുപ്പിലേയ്ക്കും പ്ലാൻ ഫണ്ട് തുക ബന്ധപ്പെട്ട അക്കൗണ്ടിലേയ്ക്കും തിരികെ അടച്ച് വിവരം അറിയിക്കേണ്ടതാണ്.

1-27 അസിസ്റ്റന്റ് എഞ്ചിനീയറുടെ ഓഫീസിലേയ്ക്ക് വാഹനം വാടകയ്ക്കെടുക്കൽ -സർക്കാർ നിർദ്ദേശം പാലിച്ചില്ല

അസിസ്റ്റന്റ് എഞ്ചിനീയറുടെ ഓഫീസിലേയ്ക്ക് വാഹനം വാടകയ്ക്കെടുക്കൽ -സർക്കാർ നിർദ്ദേശം പാലിച്ചില്ല.
നിർവ്വഹണം - അസിസ്റ്റന്റ് എഞ്ചിനീയർ
പ്രോജക്ട് നം- S0013/23
ചെലവ് -120000/-തനതുഫണ്ട് (30000-22201192/14.12.22;30000– 22201286/3.1.23;30000/22201422 /3.2,23;30000/22201651/7.3.23)
അസിസ്റ്റന്റ് എഞ്ചിനീയറുടെ ഓഫീസിലേയ്ക്ക് വാഹനം വാടകയ്ക്കെടുക്കൽ എന്ന പ്രോജക്ടിലുൾപ്പെടുത്തി 22-23 വർഷം 120000 രൂ. 2022 ഡിസംബർ മുതൽ 2023 മാർച്ച് വരെയുള്ള നാല് മാസത്തെ(30000 X 4) വേതനം നല്കുന്നതിനായി ചെലവഴിച്ചിട്ടുള്ളത്. പ്രോജക്ടിന്റെ നടത്തിപ്പിലെ പോരായ്മകൾ ചുവടെ ചേർക്കുന്നു.
1.തൻവർഷം ക്വട്ടേഷൻ ക്ഷണിച്ചില്ല
ജി.ഒ.(എം.എസ്.)115/2022/ത.സ്വ.ഭ.വ /28.05.22 പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ വാഹനങ്ങളുടെ ഉപയോഗം സംബന്ധിച്ച് നിർദ്ദേശം നൽകിയിട്ടുണ്ട്.മേൽ ഉത്തരവ് പ്രകാരം 2000 കി.മി ഓടുന്നതിനുള്ള വാടക(ഇന്ധനം, ഡ്രൈവറുടെ വേതനം, മറ്റു ചെലവുകൾ ഉൾപ്പടെയുള്ള ആകെ തുക) രേഖപ്പെടുത്തിയുള്ള ക്വട്ടേഷനാണ് ക്ഷണിയ്ക്കേണ്ടത്. എന്നാൽ ഗ്രാമപഞ്ചായത്ത് തൻവർഷം ക്വട്ടേഷൻ ക്ഷണിക്കാതെ മുൻ വർഷകരാറിന്റെ അടിസ്ഥാനത്തിലാണ് വാഹന വാടക നല്കിയിട്ടുള്ളത്. ഫയലിനൊപ്പം വാഹനം വാടകയ്ക്കെടുത്തത് സംബന്ധിച്ച മുൻ വർഷത്തെ ക്വട്ടേഷനും കരാറും സൂക്ഷിച്ചിട്ടില്ല. ആയത് പരിശോധിക്കുന്നതിനായി ഹാജരാക്കിയിട്ടില്ല.
2. ലോഗ് ബുക്ക് സൂക്ഷിച്ചിട്ടില്ല
വാഹനത്തിന്റെ ലോഗ് ബുക്ക് സൂക്ഷിയ്ക്കാനും മേൽ ഉത്തരവ് പ്രകാരം നിർദ്ദേശിച്ചിട്ടുള്ളതാണ്. 1.4.2022 മുതലുള്ള ലോഗ് ബുക്ക് ഹാജരാക്കിയില്ല.
3. പഞ്ചായത്തുകമ്മറ്റിയുടെ 23.5.22 തീയതിയിലെ 1(7) നം. തീരുമാനപ്രകാരം വാഹന വേതനം 1.5.22 മുതൽ 27950 ൽ നിന്നും 30,000 രൂപയായി വർദ്ധിപ്പിച്ചു നല്കിയിട്ടുണ്ട്. സർക്കാർ ഉത്തരവിലെ നിർദ്ദേശാനുസരണം ക്വട്ടേഷൻ ക്ഷണിച്ച് കുറഞ്ഞ ക്വട്ടേഷൻ അംഗീകരിച്ച് പദ്ധതി നടപ്പിലാക്കുന്നതിനുപകരം പ്രതിമാസ വാഹന വാടക വർദ്ധിപ്പിച്ചു നല്കികൊണ്ടാണ് പദ്ധതി നടപ്പാക്കിയത്.
ഇതു സംബന്ധിച്ചു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (21/27.9.23) മറുപടി ലഭ്യമാക്കിയില്ല. മേൽ അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-28 പാലിയേറ്റീവ് പരിചരണം-മരുന്നുകളും ഉപകരണങ്ങളും പൂർണ്ണമായും ലഭിച്ചില്ല

പ്രോജക്ടിന്റെ പേര് : പാലിയേറ്റീവ് കെയർ Spill Over (S0080/23)

അടങ്കൽ: 249007(വികസനഫണ്ട് ജനറൽ)

ചെലവ്: 249007/-

BRN 103373/11.05.2022,76600/-

BRN 103374/11.05.2022,172407/-

മെഡിക്കൽ ഓഫീസർ(PHC മണ്ണഞ്ചേരി) നിർവ്വഹണം നടത്തിയ ടി പദ്ധതി പ്രകാരം പാലിയേറ്റീവ്

പരിചരണവുമായി ബന്ധപ്പെട്ട മരുന്നുകളും ഉപകരണങ്ങളും ലഭ്യമാക്കുന്നതിനായി പ്രൊഫോർമ ഇൻവോയ്സ് നം PRF6473/03.03.2022 പ്രകാരം 1,72,407/- രൂപ KMSCL ന് (BRN 103374/11.05.2022) നൽകിയിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ 1,68,036/- രൂപയുടെ മരുന്നുകളും ഉപകരണങ്ങളുമാണ് ലഭിച്ചിട്ടുള്ളത്. ശേഷിക്കുന്ന 4,371/- രൂപയുടെ മരുന്നുകൾ ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടികൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 23/27.9.2023) മറുപടി ലഭ്യമായില്ല. മരുന്നുകൾ ലഭ്യമാകുന്ന മുറയ്ക്ക് ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-29 ഹോമിയോ ഡിസ്പൻസറിക്ക് മരുന്ന് വാങ്ങൽ -മരുന്നുകൾ പൂർണ്ണമായും ലഭ്യമായില്ല

മെഡിക്കൽ ഓഫീസർ(ആയുർവ്വേദം) നിർവ്വഹണം നടത്തിയ ഹോമിയോ ഡിസ്പൻസറിക്ക് മരുന്ന് വാങ്ങൽ (S0011/23) പദ്ധതി പ്രകാരം ഹോമിയോ ആശുപത്രിയിലേക്കാവശ്യമായ മരുന്നുകൾ ലഭ്യമാക്കുന്നതിനായി 3 ലക്ഷം രൂപ (മെയിന്റനൻസ് ഫണ്ട്-നോൺ റോഡ്) വകയിരുത്തി 02.2.2023-ൽ ബിൽ റഫറൻസ് നം. 1129144/02.2.2023 പ്രകാരം ഹോംകോയ്ക്ക് നൽകിയിട്ടുണ്ട്. എന്നാൽ നിലവിൽ 1,36,280/- രൂപയുടെ മരുന്നുകൾ മാത്രമാണ് ലഭിച്ചിട്ടുള്ളത്. ശേഷിക്കുന്ന 1,63,720/ രൂപയുടെ മരുന്നുകൾ ലഭ്യമാക്കുന്നത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 8/25.9.2023) മറുപടി ലഭ്യമായില്ല. മരുന്നുകൾ ലഭ്യമാകുന്ന മുറയ്ക്ക് ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-30 വൈദ്യുതി ലൈൻ ദീർഘിപ്പിക്കൽ - പ്രവൃത്തി പൂർത്തീകരിച്ചില്ല, ചെലവ് തടസ്സപ്പെടുത്തുന്നു

ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിലെ വൈദ്യുതി ലൈൻ ദീർഘിപ്പിക്കൽ പദ്ധതികൾക്കായി പ്രോജക്ട് നം.01/23 പ്രകാരം കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും 12,34,902/- രൂപയും (ബിൽ നം 253/28.3.23) പ്രോ.നം 95/23 പ്രകാരം ജില്ലാപഞ്ചായത്ത് വിഹിതത്തിൽ നിന്നും 16,16,769- രൂപയും (ബിൽ നം.216/17.2.23) ഉൾപ്പെടെ ആകെ 28,51,671/- രൂപ തൻവർഷം വൈദ്യുതി ബോർഡിൽ നിക്ഷേപിച്ചിട്ടുണ്ട്. പ്രവൃത്തികളുടെ വിശദ വിവരം ചുവടെ കൊടുക്കുന്നു.

1- ഇലക്ട്രിക്കൽ സെക്ഷൻ മുഹമ്മ

| ക്രമ നം. | പ്രവൃത്തിയുടെ പേര് | വാർഡ് | നിക്ഷേപിച്ച തുക |
|---|---|---|---|
| 1 | പുളിക്കൽ ടെമ്പിൾ - മാതാജി റോഡ് | 2 | 57,740 |
| 2 | പുളിക്കൽ ടെമ്പിൾ - കുന്നപുറം റോഡ് | 2 | 31,000 |
| 3 | ചെട്ടിയപറമ്പ് - കടിയാമ്പള്ളി റോഡ് | 2 | 4,98,500 |
| 4 | വിജയ വിലാസം - വാത്തിശേരി റോഡ് | 4 | 83,050 |
| 5 | വടയാട്ട് - കറ്റാനം റോഡ് | 4 | 9,51,500 |
| 6 | മനയത്തുശേരി - കായൽതീരം റോഡ് | 5 | 1,35,800 |
| 7 | കളരിക്കൽ- അംഗനവാടി റോഡ് | 5 | 97,500 |
| 8 | വൈപ്പിൻകാവ് - പതിയന്തറ റോഡ് | 6 | 56,000 |

| | | | |
|---|---|---|---|
| 9 | ചോനായിക്കുളം - തീയശ്ശേരി റോഡ് | 6 | 50,900 |
| 10 | ആൽത്തറ മുക്ക് - അമ്പാട്ട് റോഡ് | 6 | 1,04,900 |
| 11 | കണ്ണാട്ട് - നന്തിക്കാട് റോഡ് | 19 | 62,800 |
| 12 | കണ്ടത്തിൽ - പഞ്ചായത്ത് റോഡ് | 19 | 61,900 |
| 13 | ഗുരുമന്ദിരം - പ്ലാത്തറ റോഡ് | 21 | 70,680 |
| 14 | ഗുരുമന്ദിരം - പാനായിൽ റോഡ് | 21 | 54,700 |
| 15 | കാരക്കംമാവുങ്കൽ - ദാരുൽ ഹുദാ റോഡ് | 22 | 3,10,100 |
| | T0tal | | 13,22,070 |
| | GST @ 18% | | 2,37,973 |
| | Grand Total | | 15,60,043 |

2- ഇലക്ട്രിക്കൽ സെക്ഷൻ എസ്.എൽ പുരം

| ക്രമ നം. | പ്രവൃത്തിയുടെ പേര് | വാർഡ് | നിക്ഷേപിച്ച തുക |
|---|---|---|---|
| 1 | കലവൂർ പാലം - ജി.എച്ച്.എസ്.എസ് എൽ.പി.എസ് റോഡ്<br>മലബാർ ഹോട്ടൽ - ജി.എച്ച്.എസ്.എസ് എൽ.പി.എസ് റോഡ്<br>കുന്നപ്പള്ളി സർവ്വീസ് സ്റ്റേഷൻ റോഡ് | 15 | 7,11,360 |
| | GST @ 18% | | 1,28,045 |
| | Grand Total | | 8,39,405 |

3- ഇലക്ട്രിക്കൽ സെക്ഷൻ എസ്.എൽ പുരം

| ക്രമ നം. | പ്രവൃത്തിയുടെ പേര് | വാർഡ് | നിക്ഷേപിച്ച തുക |
|---|---|---|---|
| 1 | കുന്നംതറ വെളി റോഡ് | 22 | 1,09,040 |
| | പൂന്തോപ്പ് - ഐസ് പ്ലാന്റ് റോഡ് | 23 | 1,23,260 |
| | വളവനാട് പി.എച്ച്.സി റോഡ് | 23 | 1,50,940 |

| | | | |
|---|---|---|---|
| | T0tal | | 3,83,240 |
| | GST @ 18% | | 68,983 |
| | Grand Total | | 4,52,223 |

മേൽ പരാമർശിച്ചിട്ടുള്ള പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ പൂർത്തീകരണ, വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്കായി ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും രേഖകൾ ഹാജരാക്കിയില്ല. വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ 28,51,671/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-31 പോസ്റ്റ് ഷിഫ്റ്റിംഗ് - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല, ചെലവ് തടസ്സപ്പെടുത്തുന്നു

ഗ്രാമപഞ്ചായത്ത് സെക്രട്ടറി നിർവ്വഹണം നടത്തിയ പ്രോജക്റ്റ് നം.S0091/23 പ്രകാരം തനത് ഫണ്ടിൽ നിന്നും 90,484 രൂപയും പ്രോജക്റ്റ് നം.S0148/23 പ്രകാരം 52,418 രൂപയും (വികസന ഫണ്ട് - 30748/-രൂപ, തനത് ഫണ്ട് - 21670/-രൂപ) ഉൾപ്പെടെ 1,42,902/- രൂപ പോസ്റ്റ് ഷിഫ്റ്റിംഗ് പ്രവർത്തികൾക്കായി വൈദ്യുതി ബോർഡിൽ നിക്ഷേപിച്ചിട്ടുണ്ട്. മേൽ പ്രവർത്തികൾ പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടുണ്ടെങ്കിൽ ആയത് പരിശോധനയ്ക്ക് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയതിനെ തുടർന്ന് കെ.എസ്.ഇ.ബി. കലവൂർ സെക്ഷനിൽ നിക്ഷേപിച്ച 77,089/- രൂപയുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുകയുണ്ടായി. കെ.എസ്.ഇ.ബി മുഹമ്മ, എസ്.എൽ പുരം എന്നീ സെക്ഷനുകളിൽ നിക്ഷേപിച്ചിട്ടുള്ള 65,813 രൂപയുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്. ധനവിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ 65,813 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

ചെലവ് വിവരം

ചെക്ക് നം -8445365/17.822 – 90,484/-

ചെക്ക് നം -8445370/19.8.22 – 52,418/-

ബിൽ നം - 244/12.2.22 – 30,748/-

## ഭാഗം -2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

2-1 പൂർത്തീകരിച്ചിട്ടുള്ള മുഴുവൻ നിർമ്മാണത്തിനും നികുതി നിർണ്ണയിച്ചില്ല.

ആബിദ & ബുഷ്റ എന്നിവരുടെ ഉടമസ്ഥതയിലുള്ള 19/282C,D എന്നീ കെട്ടിടങ്ങളുടെ നികുതി നിർണ്ണയ ഫയൽ സ്ഥലപരിശോധന റിപ്പോർട്ട് 153.57M$^2$ നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ടെങ്കിലും C,D എന്നീ കെട്ടിടങ്ങൾക്കായി(67.52 M$^2$ വീതം)ആകെ 135.04 M$^2$ നമാത്രമാണ് നികുതി നിർണ്ണയിച്ചിട്ടുള്ളത്. ഒന്നാം നിലയിലെ 18.57M$^2$ ന് നികുതി നിർണ്ണയിച്ചതായി കാണുന്നില്ല.നികുതി നിർണ്ണയിച്ചീടാക്കനുള്ളതിന്റ വിശദവിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | ഉടമയുടെ പേര് /കെട്ടിട നമ്പർ | നിർണ്ണയിക്കേണ്ട നികുതി | കുറവ് |
|---|---|---|---|
| 1 | ആബിദ& ബുഷ്റ19/282C,D 100m$^2$ നു മുകളിലുള്ള വാണിജ്യാവശ്യകെട്ടിടം | @70 18.52m$^2$ =1296.4 വഴി സൗകര്യം | 1556 |

| | | | |
|---|---|---|---|
| | | വർദ്ധനവ്<br>20%=259.28<br>ആകെ നികുതി=1556 | |

5)ശ്രീമതി വിജിതാ രാജ് ന്റെ ഉടമസ്ഥതയിലുള്ള വാണിജ്യാവശ്യകെട്ടിടത്തിന്റെ സ്ഥലപരിശോധന റിപ്പോർട്ട് പ്രകാരം 119.65$M^2$ പണി പൂർത്തീകരിച്ചിട്ടുണ്ട്. എന്നാൽ താഴെ കൊടുത്തിരിക്കുന്ന പ്രകാരമാണ് നികുതി നിർണ്ണയം നടത്തിയിട്ടുള്ളത്.

I)22/185C-24$M^2$

2)22/185-E-61.92$m^2$

3) 22/185D-24.63$m^2$

ആകെ -110.5$m^2$

സ്റ്റെയർ റൂമിന്റെ വിസ്തീർണ്ണമായ 9.1 $M^2$ നികുതി നിർണ്ണയത്തിൽ ഉൾപ്പെടുത്തിയിട്ടില്ല

| ക്രമ നം. | ഉടമയുടെ പേര് /കെട്ടിട നമ്പർ | നിർണ്ണയിക്കേണ്ട നികുതി | കുറവ് |
|---|---|---|---|
| 1 | വിജിതാ രാജ് 22/185C,D,E 100$m^2$ ന മുകളിലുള്ള വാണിജ്യാവശ്യകെട്ടിടം | 9.1$m^2$@70=637<br>വഴി സൗകര്യം<br>വർദ്ധനവ്<br>20%=127.4<br>ആകെ<br>നികുതി=764.4 | 765 |

നികുതിനിർണ്ണയിക്കാത്ത കെട്ടിടഭാഗങ്ങൾക്ക് നികുതി നിർണ്ണയിച്ച് ഈടാക്കി അറിയിക്കേണ്ടതാണ്.

## 2-2 ഫാമലി ഹെൽത്ത് സെന്റർ ആംബുലൻസ് പരിപാലനം അപാകതകൾ

ഫാമിലി ഹെൽത്ത് സെന്റർ കലവൂരിന് എം.പി.ഫണ്ടിൽ നിന്നും 2022 ൽ ലഭിച്ച KL04AR7462 നമ്പറിലുള്ള ആംബുലൻസിന്റെ ഡ്രൈവറുടെ വേതനം, മെയിന്റനൻസ്, ഡീസൽ ചെലവ് എന്നിവ 08/2022 വരെ തനതു ഫണ്ടിൽ നിന്നും 09/2022 മുതൽ പ്രോജക്ട് പ്രകാരവും ചെയ്യുന്നു. ആംബുലൻസിൽ നിന്നുള്ള വരവ് പഞ്ചായത്തിൽ ലഭിക്കുന്നുണ്ട്. ഇതിന്റെ കൃത്യത ഉറപ്പാക്കുന്നതിനായി ലോഗ് ബുക്ക്, രസീത് എന്നിവ പരിശോധിച്ചതിൽ താഴെ കൊടുക്കുന്ന അപാകതകൾ കാണുന്നു.

1) 31.01.2022 മുതൽ സർവ്വീസ് തുടങ്ങിയ ആംബുലൻസിന്റെ വരവ് രസീത് നൽകി ഈടാക്കി തുടങ്ങിയത് 05.1.2023 മുതലാണ്. അതുവരെ ലഭിച്ച തുകകൾ ഒരു രജിസ്റ്ററിൽ രേഖപ്പെടുത്തിയത് പ്രകാരമാണ് പഞ്ചായത്തിൽ അടച്ചിട്ടുള്ളത്.
2) രസീത് പ്രകാരം ഒരുമാസം ലഭിക്കുന്ന തുകകൾ ഹോസ്പിറ്റലിൽ സൂക്ഷിച്ച് തൊട്ടടുത്തമാസം പഞ്ചായത്തിൽ അടയ്ക്കുന്നരീതിയാണ് അനുവർത്തിക്കുന്നത്.
3) ലോഗ് ബുക്കിൽ ഫ്രീ സർവ്വീസ് /മറ്റെന്തെങ്കിലും ഉത്തരവിന്റെ അടിസ്ഥാനത്തിലുള്ളത് എന്ന് മെഡിക്കൽ ഓഫീസർ രേഖപ്പെടുത്താത്ത താഴെപ്പറയുന്ന യാത്രകൾക്ക് രസീത് നൽകാത്തതായി കാണുന്നു. മിനിമം ചാർജായി 40km വരെ 600/- രൂപയും പിന്നീടുള്ള ഓരോ കിലോമീറ്ററിനും 15/- രൂപ വീതവുമാണ് നിശ്ചയിച്ചിരിക്കുന്നത്.

| ക്രമ നം. | തീയതി | യാത്ര വിവരം | ദൂരം | ഈടാക്കേണ്ട തുക |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1 | 18/1/2023 | FHC- എറണാകുളം സൗത്ത് -വണ്ടാനം മെഡിക്കൽ കോളേജ് | 170 KM | 2550 |
| 2 | 10.4.2023 | FHC- കിംസ് ഹോസ്പിറ്റൽ കോട്ടയം | 123km | 1845 |
| ആകെ | | | | 4395 |

4) ലോഗ് ബുക്കിൽ കിലോമീറ്റർ രേഖപ്പെടുത്തുന്നത് യഥാർത്ഥ ദൂരത്തേക്കാൾ വളരെയധികമാണെന്ന് കാണുന്നു. ഇതുപോലെ എഴുതുന്ന കിലോമീറ്ററുകൾ കൂട്ടിയാണ് ലോഗ്ബുക്കിൽ മാസാന്ത്യത്തിലെ സംക്ഷിപ്ത വിവരം എഴുതുന്നത്. ഇതുമൂലം യഥാർത്ഥത്തിലുള്ളതിനേക്കാൾ ഇന്ധന ഉപയോഗം കൂടുതലായി കാണിക്കാൻ സാധിക്കുന്നു.

| ക്രമ നം. | തീയതി | യാത്ര വിവരം | ലോഗ്ബുക്കിൽ രേഖപ്പെടുത്തിയ ദൂരം | യഥാർത്ഥ ദൂരം |
|---|---|---|---|---|
| 1 | 17.4.2023 | FHC കലവൂർ- ജനറൽ ഹോസ്പിറ്റൽ ആലപ്പുഴ | 39 KM | 11km ഹോസ്പിറ്റലിൽ പോയി വരുന്നതിനുള്ള ആകെ ദൂരം=22km |
| 2 | 17.4.2023 | FHCകലവൂർ- പ്രോവിഡൻസ് ഹോസ്പിറ്റൽ ആലപ്പുഴ | 40KM | 6 Km ഹോസ്പിറ്റലിൽ പോയി വരുന്നതിനുള്ള ആകെ ദൂരം =12km |

മേൽ സൂചിപ്പിച്ച അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി(26/27.09.2023) നല്കിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ലോഗ് ബുക്കിൽ രേഖപ്പെടുത്തിയിരിക്കുന്ന ഫ്രീ സർവ്വീസ് അല്ലാത്ത യാത്രകൾക്ക് രസീത് നൽകി പഞ്ചായത്തിൽ തുക അടക്കുന്നതിനും, രസീത് പ്രകാരം പൊതുജനങ്ങളിൽ നിന്നും ഈടാക്കുന്ന തുകകൾ തൊട്ടടുത്ത പ്രവർത്തി ദിവസം തന്നെ പഞ്ചായത്തിൽ അടക്കുന്നതിനും, ലോഗ് ബുക്കിൽ യാത്രയുടെ യഥാർത്ഥ ദൂരം രേഖപ്പെടുത്തുന്നതിനും മേലിൽ ശ്രദ്ധിക്കേണ്ടതാണ്. കൂടാതെ ലോഗ് ബുക്കിൽ രേഖപ്പെടുത്തിയിരിക്കുന്ന ഫ്രീ സർവ്വീസ് അല്ലാത്ത യാത്രകൾക്ക് ചെലവായ തുക 4,395/-രൂപ ഈടാക്കി അറിയിക്കേണ്ടതാണ്.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 കുടിവെള്ള വിതരണം (പ്രോജക്ട് നം.S0074/23) – വാഹനം ഓടാത്ത ദിവസങ്ങളിൽ തുക നൽകി

കുടിവെള്ള ക്ഷാമം രൂക്ഷമായ പ്രദേശങ്ങളിൽ ടാങ്കർ ലോറിയിൽ കുടിവെള്ള വിതരണം നടത്തുന്നതിന് KL-04-AM-9978 എന്ന വാഹനത്തിന്റെ ഉടമയായ ശ്രീ.സന്ദീപ് എം. ചിറയിൽ എന്നയാളെയാണ് ചുമതലപ്പെടുത്തിയിരുന്നത്. ജി.പി.എസ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അംഗീകൃത നിരക്കായ കിലോമീറ്ററിന് 60/- രൂപ നിരക്കിലാണ് വാഹന വാടക നൽകുന്നത്. തൻവർഷം മേൽ പ്രോജക്ട് പ്രകാരം കുടിവെള്ള വിതരണം നടത്തിയതിന് തനത് ഫണ്ടിൽ നിന്നും 7,56,042/- രൂപ

ചെലവഴിച്ചിട്ടുണ്ട്. പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ കണ്ടെത്തിയ പോരായ്മകൾ ചുവടെ കൊടുക്കുന്നു.

1) ജി.പി.എസ് റിപ്പോർട്ട് ഹാജരാക്കിയില്ല

29.03.2022 മുതൽ 28.04.2022 വരെ കുടിവെള്ള വിതരണം നടത്തുന്നതിനായി 2694 KM ഓടിയതിന് 1,61,640/- രൂപ വാടകയിനത്തിൽ നൽകിയിട്ടുണ്ട്. എന്നാൽ ഫയലിൽ എപ്രിൽ മാസത്തെ താഴെപറയുന്ന തീയതികളിലെ ജി.പി.എസ് റിപ്പോർട്ട് മാത്രമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

| ക്രമ നം. | തീയതി | ദൂരം | തുക |
|---|---|---|---|
| 01 | 01/04/22 | 70.6 | 4236 |
| 02 | 02/04/22 | 85.9 | 5154 |
| 03 | 03/04/22 | 94.5 | 5670 |
| 04 | 04/04/22 | 89.5 | 5370 |
| 05 | 08/04/22 | 87.9 | 5274 |
| 06 | 09/04/22 | 94.7 | 5682 |
| 07 | 10/04/22 | 113.3 | 6798 |
| 08 | 11/04/22 | 108.1 | 6486 |
| 09 | 15/04/22 | 0 | 0 |
| 10 | 16/04/22 | 90.2 | 5412 |
| 11 | 17/04/22 | 0 | 0 |
| 12 | 18/04/22 | 87.6 | 5256 |
| 13 | 22/04/22 | 81.1 | 4866 |
| 14 | 23/04/22 | 99 | 5940 |
| 15 | 24/04/22 | 0 | 0 |
| 16 | 25/04/22 | 111.6 | 6696 |
| 17 | 26/04/22 | 96.2 | 5772 |
| 18 | 27/04/22 | 104 | 6240 |
| 19 | 28/04/22 | 104.7 | 6282 |
| | ആകെ | 1518.9 | 91134 |

ജി.പി.എസ് റിപ്പോർട്ട് പ്രകാരം 1518.9 KM ദൂരം ഓടിയതിന് 91,134 രൂപയാണ് വാഹന ഉടമയ്ക്ക് നൽകേണ്ടിയിരുന്നത്. വാഹനം ഓടാതിരുന്ന ദിവസങ്ങളിൽ വാടകയിനത്തിൽ നൽകിയ 70,506/- രൂപ (161640-91134) ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. അധികം നൽകിയ 70,506/- രൂപ വാഹന ഉടമയിൽ നിന്നും ഈടാക്കുന്നതാണ് എന്നാണ് ഇതുസംബന്ധിച്ച ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.17/26.09.23) മറുപടി നൽകിയത്. വാഹന ഉടമ തുക അടവാക്കാത്തപക്ഷം 70,506/- രൂപ ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നും ഈടാക്കേണ്ടതാണ്.

3-2 ആംബുലൻസ് ഡ്രൈവർക്ക് വേതനം-അധിക തുക നൽകി

പ്രോജക്ടിന്റെ പേര് : ഡ്രൈവറുടെ വേതനം, ആംബുലൻസ് മെയിന്റനൻസ്, ഇന്ധനം (S0063/23)

അടങ്കൽ: 500000 (തനത് ഫണ്ട്)

ചെലവ് : 222230/-

മെഡിക്കൽ ഓഫീസർ(FHC കലവൂർ) നിർവ്വഹണം നടത്തിയ ടി പദ്ധതി പ്രകാരം ദിവസ വേതന അടിസ്ഥാനത്തിൽ നിയമിച്ച ആംബുലൻസ് ഡ്രൈവറായ ശ്രീ രജീഷ് കുമാറിന് 2022 ആഗസ്റ്റ് മുതലുള്ള

മാസങ്ങളിലെ വേതനം നൽകിയിട്ടുണ്ട്. 30.1.2022-ലെ പഞ്ചായത്ത് കമ്മിറ്റിയുടെ 5(1) നം. തീരുമാനപ്രകാരം 11.02.2021-ലെ സ.ഉ(പി) നം.29/2021 /ഫിൻ തീയതി 11.02.21 പ്രകാരം 730 രൂപ ദിവസ വേതനത്തിൽ ഒരു മാസം 19,710 /- രൂപയിൽ അധികരിക്കാതെ ശ്രീ രജീഷ് കുമാറിനെ ആംബുലൻസ് ഡ്രൈവറായി നിയമിക്കുന്നതിന് തീരുമാനിച്ചിരുന്നു. എന്നാൽ ഫയൽ പരിശോധിച്ചതിൽ താഴെപ്പറയുന്ന മാസങ്ങളിൽ അനുവദനീയമായതിലും അധിക തുക ഡ്രൈവർക്ക് വേതനമായി നൽകിയിട്ടുണ്ട്.

| മാസം | ഹാജരായിട്ടുള്ള ദിവസം | നൽകാവുന്ന തുക | നൽകിയ തുക/ വൗച്ചർ നം., തീയതി | വ്യത്യാസം |
|---|---|---|---|---|
| ഒക്ടോബർ 2022 | 26 | 18980 | 19710/- (Vr.No 22201025/ 04.11.2022) | 730 |
| ജനുവരി 2023 | 27 | 19710 | 20555/- (Vr.No 22201454/ 13.02.2023) | 845 |
| ഫെബ്രുവരി 2023 | 24 | 17520 | 19710 (Vr.No 22201900/ 31.03.2023) | 2190 |
| ആകെ | | | | 3765 |

വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം-18/26.9.2023) മറുപടി ലഭ്യമാക്കിയില്ല. ദിവസവേതന അടിസ്ഥാനത്തിൽ നിയമിച്ച ഡ്രൈവർക്ക് അനുവദനീയമായതിലും അധികം നൽകിയ 3,765/- തിരികെ ഈടാക്കി അറിയിക്കേണ്ടതാണ്. അല്ലാത്തപക്ഷം ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ ബാധ്യതയായി നിർണ്ണയിക്കുന്നതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്ടുകളുടെ വിവരം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 797110 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പും ബത്തയും | 797110 | 0 |
| ബ്ലോക്ക് | 2022-23 | 1030000 | ലൈഫ് സമ്പൂർണ്ണ ഭവന | 1030000 | 0 |

| | | | | | |
|---|---|---|---|---|---|
| പഞ്ചായത്ത് | | | പദ്ധതി (ജനറൽ) വാർഡുകൾ 1 2 3 4 5 18 19 20 21 | | |
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 620000 | ലൈഫ് സമ്പൂർണ്ണ ഭവന പദ്ധതി (ജനറൽ) വാർഡുകൾ 6 7 8 9 10 11 16 17 | 620000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 160000 | ലൈഫ് സമ്പൂർണ്ണ ഭവന പദ്ധതി (ജനറൽ) വാർഡുകൾ 12 13 14 15 22 23 | 160000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 564952 | സ്മാർട്ട് അങ്കണവാടി കെട്ടിട നിർമ്മാണം- വാർഡ് 5 | 564952 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 435048 | സ്മാർട്ട് അങ്കണവാടി കെട്ടിട നിർമ്മാണം- വാർഡ് 8 | 435048 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 1200000 | പാലിന സബ്സിഡി | 1200000 | 0 |
| ആകെ | | 4807110 | | 4807110 | |
| ജില്ലാപഞ്ചായത്ത് | 2022-23 | 100000 | അങ്കണവാടി അനുപൂരക പോഷകാഹാര പരിപാടി | 100000 | |
| ജില്ലാപഞ്ചായത്ത് | 2022-23 | 214720 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പും ബത്തയും | 214720 | |
| ജില്ലാപഞ്ചായത്ത് | 2022-23 | 1270000 | ലൈഫ് സമ്പൂർണ്ണ ഭവന പദ്ധതി (ജനറൽ) വാർഡുകൾ 1 2 3 4 5 18 19 20 21 | 1270000 | |
| ജില്ലാപഞ്ചായത്ത് | 2022-23 | 1616769 | സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | 1616769 | |
| ജില്ലാപഞ്ചായത്ത് | 2022-23 | 1000000 | ലൈഫ് സമ്പൂർണ്ണ ഭവന പദ്ധതി (ജനറൽ) 6 7 8 9 10 11 16 17 | 1000000 | |
| ജില്ലാപഞ്ചായത്ത് | 2022-23 | 120000 | ലൈഫ് സമ്പൂർണ്ണ ഭവന പദ്ധതി എസ്സ് സ്സി 6 7 8 9 10 11 16 17 വാർഡുകൾ | 120000 | |
| ജില്ലാപഞ്ചായത്ത് | 2022-23 | 1366198 | കരക്കംമാവുങ്കൽ റോഡ് ടാറിംഗ് അനുബന്ധ സൌകര്യമൊരുക്കൽ | 1366198 | |

| | | | | | |
|---|---|---|---|---|---|
| | | | വാർഡ് 22 | | |
| ജില്ലാപഞ്ചായത്ത് | 2022-23 | 460730 | സമഗ്ര നെൽകൃഷി വികസന പദ്ധതി | 460730 | |
| ആകെ | | 6148417 | | 6148417 | |

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നമ്പർ/വൗച്ചർ നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| KSEB | സ്ട്രീറ്റ് ലൈൻ വലിക്കൽ | 42201996/31/3/2023 | 1234902 | 0 | 1234902 |
| KSEB | പോസ്റ്റ് ഷിഫ്റ്റിംഗ് | 42201998/31/3/2023 | 90484 | 0 | 90484 |
| KSEB | സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | 42201158-31/3/2023 | 1616769 | 0 | 1616769 |
| KSEB | പോസ്റ്റ് ഷിഫ്റ്റിംഗ് | 42201994/31/03/2023 | 52418 | 0 | 52418 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല

## 4-4 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 3200000/- രൂപ വരവുണ്ട്. മുൻബാക്കി 140000/-രൂപയടക്കം3340000/- രൂപയിൽ.3300000/-രൂപ വിനിയോഗിച്ചിട്ടുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പതുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക | റിമാർക്ക്സ് |
|---|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | | |
| Life Mission | | 3200000 | 67932420 | 7019148 | | 64113272 | |

## 4-5 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 22,878,425.00 |

| | |
|---|---|
| തൻവർഷം നിക്ഷേപിച്ച തുക | 1,150,343.00 |
| ആകെ | 24028768 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 1,680,830.00 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 22,347,938.00 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| ക്രമ നം | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ട്രഷറി /പോസ്റ്റ് ഓഫീസ്....) | നിക്ഷേപിച്ച തിയതി | കാലയളവ് | തുക | റിമാർക്ക്സ് |
|---|---|---|---|---|---|
| 1 | ADCB Mannanchery(A/c No 4679) | 18.03.2020 | 12 മാസം | 12347938 | |
| 2 | Kerala Bank Mannanchery(A/c No 315) | 13.3.2023 | 6 മാസം | 10000000 | |
| ആകെ | | | | 22347938 | |

4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 225643/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നം./തീയതി |
|---|---|---|---|---|
| 2021-2022 | | 11000 | AMAL THAMARA | 1221003426/24/01/23 |
| 2021-2022 | Enquiry No. 13 | 11000 | RESHMA BABY | 1221005596/23/3/23 |
| 2021-2022 | | 1965 | Tone Offset | 12209000188/08/08/22 |
| 2021-2022 | | 2500 | Medical Officer | 122090045025/08/20222 |
| 2021-2022 | | 2414 | Muhammedkunju Asan | 1221000012/05/09/22 |

| | | | | |
|---|---|---|---|---|
| 2021-2022 | | 60000 | Alex Joseph | 1221000042/12 /09/22 |
| 2021-2022 | | 2500 | Muhammed Kunju | Asan1221000050/13 /09/2022 |
| 2021-2022 | | 1185 | Prabhukumar | 1221000059/13 /09/2022 |
| 2021-2022 | | 8847 | Prabhukumar | 1221000060/13 /09/2022 |
| 201-2022 | | 18566 | Shoukkath Ali | 1221000063/13 /09/2022 |
| 2021-2022 | | 5126 | Anas Naina | 1221000084/14 /09/2022 |
| 2021-2022 | | 893 | C V Raja | 1221000219/17 /09/2022 |
| 2021-2022 | | 893 | Sadath K K | 1221000220/17 /09/2022 |
| 2021-2022 | | 893 | M S Sheela | 1221000221/17 /09/2022 |
| 2021-2022 | | 893 | Udayakumari P | 1221000222/17 /09/2022 |
| 2021-2022 | | 893 | Kamaladevi A.D. | 1221000223/17 /09/22 |
| 2021-2022 | | 7500 | Alex Joseph | 1220100442/25 /04/22 |
| 2021-2022 | | 748 | Secretary | 1220100446/25 /04/2022 |
| 2021-2022 | | 8340 | Anoop C S | 1220100447/25 /04/2022 |
| 2021-2022 | | 1032 | Ibrahimkutty | 1220100519/27 /04/2022 |
| 2021-2022 | | 1153 | Mannancherry South Kucs | 1220100608/29 /04/2022 |
| 2021-2022 | | 8840 | Sreelakshmi | 1220100702/06 /05/22 |
| 2021-2022 | | 9043 | Palm Fibibre | 1220100742/06 /05/2022 |
| 2021-2023 | | 4100 | P C Binoy | 1220101105/25 /05/2022 |
| 2021-2022 | | 3053 | Aboobecker Asan | 1220101159/26 /05/2022 |

| | | | | |
|---|---|---|---|---|
| 2021-2022 | | 1000 | Santhoshkumar | 1220101939/29/06/2022 |
| 2021-2022 | | 1238 | Kamaladevi A.D. | 1220102080/05/07/2022 |
| 2021-2022 | | 893 | Koyakkutty Thangal | 1221000224/17/09/2022 |
| 2021-2022 | | 893 | C Sudhi | 1221000225/17/09/2022 |
| 2021-2022 | | 893 | C Sudhi | 1221000226/17/09/2022 |
| 2021-2022 | | 893 | A Aboobecker | 1221000227/17/09/2022 |
| 2021-2022 | | 893 | N Sivadasan | 1221000229/17/09/2022 |
| 2021-2022 | | 893 | P S Ajayakumar | 1221000230/17/09/2022 |
| 2021-2022 | | 893 | Abhishek M | 1221000231/17/09/2022 |
| 2021-2022 | | 893 | Aboobecker Asan | 1221000232/17/09/2022 |
| 2021-2022 | | 893 | Aboobecker Asan | 1221000233/17/09/2022 |
| 2021-2022 | | 893 | Thilakan K | 1221000234/17/09/2022 |
| 2021-2022 | | 893 | T Soji | 1221000235/17/09/2022 |
| 2021-2022 | | 893 | K J Joseph | 1221000236/17/09/2022 |
| 2021-2022 | | 19500 | Manager William Gooacre | 1221000346/24/09/2022 |
| 2021-2022 | | 9600 | Manager PalmFibre | 1221000347/24/09/2022 |
| 2021-2022 | | 175 | Senior Vetenary Surgeon | 1221000348/24/09/2022 |
| 2021-2022 | | 1570 | K S Stanley | 1221000349/24/09/2022 |
| 2021-2022 | | 25 | Aisha,Radhamani | 1221000350/24/09/2022 |
| 2021-2022 | | 120 | P G Vijayalakshmi | 1221000359/24/09/2022 |

| | | | | |
|---|---|---|---|---|
| 2021-2022 | | 120 | P Bindhumol | 1221000360/24 /09/2022 |
| 2021-2022 | | 120 | M Ushakumaru | 1221000361/24 /09/2022 |
| 2021-2022 | | 120 | Shynimol M | 1221000362/24 /09/2022 |
| 2021-2022 | | 600 | Mathew Thomas | 1221000364/24 /09/2022 |
| 2021-2022 | | 600 | K Sugunan | 1221000364/24 /09/2022 |
| 2021-2022 | | 300 | C P Thankahan | 1221000410/27 /09/2022 |
| 2021-2022 | | 150 | Omana T | 1221000411/27 /09/2022 |
| 2021-2022 | | 6000 | Reshma Baby | 1221000557/30 /09/2022 |
| 2021-2022 | | 490 | Secretary South Dairy Society | 1221000572/30 /09/2022 |
| 2021-2022 | | 979 | Gopalakrishnan | 1221000574/30 /09/2022 |
| 2021-2022 | | 7904 | Nethaji Ksheerolpadaka Sanghom | 1221000632/01 /10/2022 |
| 2021-2022 | | 500 | Balaji Venkitesh | 1221000833/07 /10/2022 |
| 2021-2022 | | 3520 | P K Sulochana | 1221000852/07 /10/2022 |
| 2021-2022 | | 500 | V D Purushothaman Pilla | 1221000894/10 /10/2022 |
| 2021-2022 | | 400 | Babulal | 1221000956/11 /10/2022 |
| 2021-2022 | | 335 | Shaik Biju | 1221001070/14 /10/2022 |
| 2021-2022 | | 300 | Manager Tiny Tos School | 1221001071/14 /10/2022 |
| 2021-2022 | | 12757 | K S Stanley Rtd.Secretary | 1221001073/14 /10/2022 |
| 2021-2022 | | 15000 | Secretary | 1221001282/21 /10/2022 |

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2015-16 | 2-3 | 2015-16 | | പി.എച്ച്.സി. കലവൂർ എന്ന സ്ഥാപനത്തിലെ ജീവനക്കാരനായ ശ്രീ. ഗോപാലകൃഷ്ണന്റെ ആദ്യപകുതിയിലെ ശമ്പളം 125934/-രൂപയാണ്. ഇതനുസരിച്ച് ടിയാനിൽ നിന്നും 1250/രൂപയാണ് ഈടാക്കേണ്ടിയിരുന്നത്. എന്നാൽ ഈടാക്കിയ നികുതി 1000/-ആണ്. ശേഷിച്ച | 24.06.2017 തീയതിയിലെ 117010100811 നമ്പർ രസീത് പ്രകാരം ശേഷിച്ച250/- രൂപ അടവാക്കിയിട്ടുണ്ട് |

| | | | | | |
|---|---|---|---|---|---|
| | | | | 250/-രൂപ ഈ വ്യക്തിയിൽ നിന്നും ഈടാക്കേണ്ടതാണ്. | |
| | | | | ഫെഡറൽ ബാങ്ക് മണ്ണഞ്ചേരി - സ്ഥാപന നികുതി ഒടുക്കിയിട്ടില്ല | ഫെഡറൽ ബാങ്ക് മണ്ണഞ്ചേരി 16-11-2016 – ലെ 11605400015 രസീത് പ്രകാരം 2500/-രൂപ അടവാക്കിയിട്ടുണ്ട്. |
| | | | | കേരള ഗ്രാമീൺ ബാങ്ക് മണ്ണഞ്ചേരി - സ്ഥാപന നികുതി ഒടുക്കിയിട്ടില്ല | കേരള ഗ്രാമീൺബാങ്ക് 15-16 സാമ്പത്തിക വർഷംരണ്ടാം അർദ്ധവർഷം മുതലാണ് പ്രവർത്തനം ആരംഭിച്ചിട്ടുള്ളത്. ആയത് ഈടാക്കുന്നതിനായി കത്ത് നൽകിയിരുന്നെങ്കിലും ഇതുവരെ അടവാക്കി യിട്ടില്ല. |
| | | | | എസ്.ബി.ഐ.കലവൂർ - സ്ഥാപന നികുതി ഒടുക്കിയിട്ടില്ല. | എസ്.ബി.ഐ. കലവൂർ 22-12-2016– ലെ 11605104902 രസീത് പ്രകാരം 2500/-രൂപ അടവാക്കി യിട്ടുണ്ട് |

## 4-8 ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : 7,21,17,416 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : 6,82,82,886 |
| വരവിനങ്ങളിലുള്ള നഷ്ടം | : 6,716 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : 74,271 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : 35,71,204 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | 2,321 | | ശ്രീ.ഷെയ്ക്ക് ബിജു. സി.എസ്., സെക്രട്ടറി |
| 2-2 | 4,395 | | ഡോ.ജീന, മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി. കലവൂർ) |
| 3-1 | | 70,506 | ശ്രീ.ഷെയ്ക്ക് ബിജു. സി.എസ്., സെക്രട്ടറി |
| 3-2 | | 3765 | ഡോ.ജീന, മെഡിക്കൽ ഓഫീസർ(എഫ്.എച്ച്.സി. കലവൂർ) |
| ആകെ | 6,716 | 74,271 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-15 | 84970 | ശ്രീ.ഷെയ്ക്ക് ബിജു സി.എസ്. സെക്രട്ടറി |
| 1-22 | 45,000/- | ഡോ.ജീന, മെഡിക്കൽ ഓഫീസർ(എഫ്.എച്ച്.സി. കലവൂർ) |
| 1-23 | 73,750 | ശ്രീമതി ഉഷാകുമാരി എം. ഹെഡ്മിസ്ട്രസ് |
| 1-24 | 4,50,000 | ശ്രീ.അനിൽ കൃഷി ഓഫീസർ(ഇൻചാർജ്ജ്) |
| 1-30 | 28,51,671 | ശ്രീ.ഷെയ്ക്ക് ബിജു സി.എസ്. സെക്രട്ടറി |
| 1-31 | 65,813 | ശ്രീ.ഷെയ്ക്ക് ബിജു സി.എസ്. സെക്രട്ടറി |
| ആകെ | 35,71,204 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക |
|---|---|
| 1-16 | 5,952 |
| 1-18 | 3,554 |
| 1-26 | 3,175 |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ
ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.ഷെയ്ക്ക് ബിജു സി.എസ്. സെക്രട്ടറി | സെക്രട്ടറി, മണ്ണഞ്ചേരി ഗ്രാമപഞ്ചായത്ത് | ആമീൻ മൻസിൽ, സക്കറിയ ബസാർ പി.ഒ., ആലപ്പുഴ |
| ഡോ.ജീന, മെഡിക്കൽ ഓഫീസർ(എഫ്.എച്ച്.സി. കലവൂർ) | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി. ചെട്ടികാട്) | രാജ് ഭവൻ, പാതിരപ്പള്ളി പി.ഒ., ആലപ്പുഴ |
| ശ്രീ.അനിൽ. കൃഷി ഓഫീസർ(ഇൻചാർജ്ജ്) | അസിസ്റ്റന്റ് കൃഷി ഓഫീസർ, കൃഷി ഭവൻ മണ്ണഞ്ചേരി | മഠത്തിൽപറമ്പിൽഹൗസ് ചെറുതന പി.ഒ കരുവാറ്റ |
| ശ്രീമതി.ഉഷാകുമാരി.എം. | ഹെഡ്മിസ്ട്രസ്, | സാന്ദ്രം,കരുവേലിൽ മണ്ണഞ്ചേരി |

| | | |
|---|---|---|
| ഹെഡ്മിസ്ട്രസ്, ഗവ.എൽ.പി.എസ്,തമ്പകച്ചുവട് | ഗവ.എൽ.പി.എസ്, തമ്പകച്ചുവട് | പി.ഒ.ആലപ്പുഴ |

4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിന്റെ വിവരം |
|---|---|
| 1996-97 മുതൽ 2005-06 വരെ | കെ.എസ്.എ.എ.എൽ.പി/പി 9-1289/2022/ 25.11.22 |
| 2006-07 | കെ.എസ്.എ.എ.എൽ.പി/പി 9-1289/2022/ 25.11.22 |
| 2007-08 | കെ.എസ്.എ.എ.എൽ.പി/പി 9-1289/2022/ 25.11.22 |
| 2008-09 | കെ.എസ്.എ.എ.എൽ.പി/പി 9-1289/2022/ 25.11.22 |
| 2009-10 | കെ.എസ്.എ.എ.എൽ.പി/പി 9-1289/2022/ 25.11.22 |
| 2010-11 | കെ.എസ്.എ.എ.എൽ.പി/പി 9-1289/2022/ 25.11.22 |
| 2011-12 | കെ.എസ്.എ.എ.എൽ.പി/പി 9-1289/2022/25.11.22 |
| 2012-13, 2013-14 | കെ.എസ്.എ.എ.എൽ.പി/പി 9-1289/2022/ 25.11.22 |
| 2014-15 | കെ.എസ്.എ.എ.എൽ.പി/പി 9-1289/2022/ 25.11.22 |
| 2015-16 | കെ.എസ്.എ.എ.എൽ.പി/പി 9-1289/2022/ 25.11.22 |
| 2016-17 | കെ.എസ്.എ.എ.എൽ.പി/പി 9-1289/2022/25.11.22 |
| 2017-18 | കെ.എസ്.എ.എ.എൽ.പി/പി 9-1289/2022/25.11.22 |

| | |
|---|---|
| 2018-19 | കെ.എസ്.എ.എ.എൽ.പി/പി9-1289/2022/25.11.22 |
| 2019-20 | കെ.എസ്.എ.എ.എൽ.പി.-പി9/233/2022 / 27.03.2022 |
| 2020-21 | കെ.എസ്.എ.എ.എൽ.പി.-പി9/701/2022/16.7.22 |
| 2021-22 | കെ .എസ്.എ.എ.എൽ.പി.-പി9/309/2023/ 23.03.2023 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ.

# Annexure 1

## Audit Certificate

i. I have audited the attached Financial statements approved vide resolution number 2(1) dated 22-07-2023 and submitted on 24-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Mannanchery Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Mannanchery Grama Panchayat for the year 2022-2023

Date: 08/11/2023

Deputy Director
District Office Alappuzha
Kerala State Audit Department

## Audit Report appended to the Audit Certificate of Mannanchery Grama Panchayat for the Year 2022-2023.

**1.Major Observations**

Nil

**2.Other Observations**

1) The mandatory financial statements such as ratios, notes on accounts prescribed in accounting rules are not submitted for audit.

2) A Net increase / decrease in cash flow does not match with the differernce between the opening and closing balance of cash and cash equivalens.

3)As per Schedule RP-40(b) for the financial year 2021-22, the closing balance in State Bank of India (A/c No. 5605) account is Rs.774997. But the

Opening Balance in this account for the year 2022-23 is Rs.780898. The difference is Rs.5901.

4)According to the Appropriation Control Register, the total expenditure of Development Fund General is Rs.34831238/-.
But as per annual financial statement
(Income & Expenditure Statement Schedule I-6) the expenditure under this category is Rs.34747648/-.There is a difference of Rs.835900/-
5)Demand entries are not recorded in the property tax,Profession Tax, and rent ledger at the beginning of the year and every month thereafter. A demand entry is recorded in the ledger only at the end of the year.
6)The Collection of Property Tax as per Annual Account does not match with the entries from Sanjaya Software D.C.B Statement.
7)The amount under Accumulated Depreciation of Vehicle(-595533) exceeds the vehicle's asset value(Rs 580075).

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ആലപ്പുഴ ജില്ലയിലെ മണ്ണഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്